# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം
2011 ഒക്ടോബര്‍ 28 വെള്ളി
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങള്‍
(ആകെ ചോദ്യങ്ങള്‍ -295)

| മറുപടി നല്‍കുന്ന മന്ത്രിമാര്‍ | ചോദ്യനമ്പര്‍ |
|---|---|
| മുഖ്യമന്ത്രി | : 5855 മുതല്‍ 6022 വരെ |
| ഭക്ഷ്യവും സിവില്‍സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : 6023 മുതല്‍ 6074 വരെ |
| എക്സൈസും തുറമുഖവും വകുപ്പുമന്ത്രി | : 6075 മുതല്‍ 6108 വരെ |
| ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി | : 6109 മുതല്‍ 6151 വരെ |

### സെക്രട്ടേറിയറ്റിന്റെ പ്രവര്‍ത്തനം മെച്ചപ്പെടുത്താന്‍ നടപടി

5855 ശ്രീ. ജി. സുധാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം സെക്രട്ടേറിയറ്റിന്റെ പ്രവര്‍ത്തനം മെച്ചപ്പെടുത്താന്‍ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളതെന്ന് വിശദമാക്കാമോ;

(ബി) സെക്രട്ടേറിയറ്റില്‍ ഫയലുകളും, തപാലുകളും ഐഡിയാസ് -ല്‍ രജിസ്റ്റര്‍ ചെയ്യുന്നതിന് എല്ലാവകുപ്പുകള്‍ക്കും സെക്ഷനുകള്‍ക്കും നിര്‍ദ്ദേശം നല്‍കുമോ;

(സി) ഐഡിയാസ് ഫലപ്രദമായി നടപ്പാക്കാന്‍ എല്ലാ സെക്ഷനുകളിലും കമ്പ്യൂട്ടര്‍ നല്‍കാന്‍ നടപടി സ്വീകരിക്കുമോ; എല്ലാ ജീവനക്കാര്‍ക്കും ഐഡിയാസ് -ല്‍ ഫയല്‍ മൂവ്മെന്റ് രേഖപ്പെടുത്താന്‍ കര്‍ശന നിര്‍ദ്ദേശം നല്‍കുമോ;

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

(ഡി) സെക്രട്ടേറിയറ്റിലെ ഫയലുകളുടെ നിജസ്ഥിതി പൊതുജനങ്ങൾക്കും അറിയുന്നതിനുള്ള സൗകര്യം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ഇ) എല്ലാ സർക്കാർ ഉത്തരവുകളും അതാതു വകുപ്പിന്റെ വെബ്സൈറ്റുകളിൽ, കൊടുക്കുന്നതിന്, എല്ലാ ഉത്തരവുകളുടെയും ഓരോ പകർപ്പ് പി.ആർ.ഡി. സ്ക്രൂട്ടിനി വിഭാഗത്തിന് മാർക്ക് ചെയ്ത് അതാത് ദിവസം തന്നെ നൽകുവാൻ എല്ലാവകുപ്പുകൾക്കും കർശന നിർദ്ദേശം നൽകാൻ നടപടി സ്വീകരിക്കുമോ;

(എഫ്) എല്ലാ വകുപ്പുകളുടെയും വെബ്സൈറ്റുകൾ അപ്-ഡേറ്റ് ചെയ്യാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 28.10.2011-ലെ മറുപടിക്ക്

<u>സർക്കാർ ഓഫീസുകളിൽ ഇ-ഗവേണൻസ് പദ്ധതി</u>

5856 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം സർക്കാർ ഓഫീസുകളിൽ ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശം നൽകുമോ;

(ബി) കൂടുതൽ വകുപ്പുകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) സംസ്ഥാന സർക്കാർ ഓഫീസുകളെ കടലാസ് രഹിത ഓഫീസുകളാക്കി മാറ്റുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഭാവിയിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>സംസ്ഥാന സിവിൽ സർവ്വീസ്</u>

5857 ശ്രീ. ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സിവിൽ സർവ്വീസിന്റെ ഭാഗമായി ഐ. എ. എസ്. ലഭിക്കുന്നതിന് റവന്യൂ വകുപ്പിന് പുറമേ സെക്രട്ടേറിയറ്റ് ഉദ്യോഗസ്ഥരെകൂടി പുതിയതായി ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്ന് മുതൽ;

(സി) സെക്രട്ടേറിയറ്റ് സർവ്വീസിനെ മൊത്തം ഒരു യൂണിറ്റായി കണക്കിലെടുക്കുന്നതിന് പകരം പൊതുഭരണ വകുപ്പിനെ മാത്രം പരിഗണിക്കുവാൻ തീരുമാനിച്ചതിന്റെ കാരണമെന്താണ്;

(ഡി) ഇതിനെതിരെ എത്ര സർവ്വീസ് സംഘടനകൾ സർക്കാരിന് നിവേദനം നൽകിയിട്ടുണ്ട്;

(ഇ) എങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ എന്ത് നടപടികളെടുത്തുവെന്ന് വെളിപ്പെടുത്തുമോ;

(എഫ്) സെക്രട്ടേറിയറ്റ് ജീവനക്കാരെക്കൂടി ഐ. എ. എസ്സിന് പരിഗണിക്കുന്നതിന് കേന്ദ്ര പേഴ്സണൽ മന്ത്രാലയത്തിന് സംസ്ഥാനം കത്തയച്ചിട്ടുണ്ടോ;

(ജി) ഇതിന് കേന്ദ്ര സർക്കാരിൽ നിന്ന് എന്തെങ്കിലും മറുപടി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(എച്ച്) സെക്രട്ടേറിയറ്റ് സർവ്വീസിന്റെ ഭാഗമായ ധനകാര്യ, നിയമ, നിയമസഭാ സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥരെക്കൂടി ഐ. എ. എസ്.-ൽ പരിഗണിക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

**<u>സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പ്രവര്‍ത്തനങ്ങള്‍</u>**

5858 ശ്രീ.തോമസ് ഉണ്ണിയാടന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തിരുവനന്തപുരത്ത് പുതുതായി ആരംഭിച്ച സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പ്രവര്‍ത്തനങ്ങള്‍ പൂര്‍ണ്ണതോതില്‍ ആരംഭിക്കാത്തതിന്റെ കാരണങ്ങള്‍ വ്യക്തമാക്കാമോ ;

(ബി) സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണല്‍ പ്രവര്‍ത്തനപഥത്തില്‍കൊണ്ടുവരുന്നതിന് കാലതാമസം വരുന്നതിന്റെ കാരണങ്ങള്‍ വ്യക്തമാക്കാമോ ;

(സി) സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലില്‍ നാളിതുവരെ എത്ര പരാതികള്‍ ലഭിച്ചു എന്ന് വ്യക്തമാക്കാമോ ;

(ഡി) ഇവയുടെ പൂര്‍ണ്ണതോതിലുള്ള പ്രവര്‍ത്തനം എന്നാരംഭിക്കുമെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
# 28.10.2011-ലെ മറുപടിക്ക്

എൻ. ജി. ഒ. പദ്ധതികൾ

5859 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിലവിൽ എത്ര സർക്കാർ പദ്ധതികൾ/പ്രോജക്ടുകൾ എൻ. ജി. ഒ. മാർ മുഖേന നടപ്പിലാക്കുന്നുണ്ട്;

(ബി) ഇപ്രകാരം നടപ്പിലാക്കുന്നവ എത്ര കോടി രൂപയ്ക്കുള്ളതാണെന്ന് വ്യക്തമാക്കുമോ;

(സി) കേരളത്തിൽ പ്രവർത്തിക്കുന്ന എൻ. ജി. ഒ. കളെല്ലാം രജിസ്ട്രേഷൻ ചെയ്യപ്പെട്ട് ലൈസൻസ് സമ്പാദിച്ചിട്ടുള്ളവയാണോ;

(ഡി) ലൈസൻസോ മതിയായ രജിസ്ട്രേഷനോടു കൂടി പ്രവർത്തിക്കുന്നവയും അല്ലാത്തതുമായ എത്ര എൻ. ജി. ഒ. കൾ കേരളത്തിലുണ്ട്; ഇപ്രകാരമുള്ള എൻ. ജി. ഒ. കളുടെ ഓഡിറ്റിംഗ് കൃത്യമായി നടക്കുന്നുണ്ടോ; എൻ. ജി. ഒ. കളിൽ നിന്നും ഏതെല്ലാം ഇനങ്ങളിലാണ് റവന്യൂ ലഭിക്കുന്നത്;

(ഇ) കേരളത്തിൽ പ്രവർത്തിക്കുന്ന എത്ര എൻ. ജി. ഒ. കൾക്ക് വിദേശ ഫണ്ട് ലഭിക്കുന്നുണ്ട്; എങ്കിൽ എത്ര കോടിയെന്ന് വ്യക്തമാക്കുമോ; കേരളത്തിൽ ഏതെല്ലാം പദ്ധതികളാണ് വിദേശ ഫണ്ട് ഉപയോഗിച്ച് നടന്നുവരുന്നതെന്നു വ്യക്തമാക്കുമോ; ഇതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>ഇന്റേണൽ ആഡിറ്റ്</u>

5860

ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ എല്ലാ വകുപ്പുകളിലും ഇന്റേണൽ ആഡിറ്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇന്റേണൽ ആഡിറ്റ് സംവിധാനം കാര്യക്ഷമമാക്കണമെന്ന എ.ജി. യുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഇന്റേണൽ ആഡിറ്റ് സംവിധാനം ശക്തമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(സി) ഇന്റേണൽ ആഡിറ്റ് വിഭാഗത്തിന്റെ ചുമതലകളും നടപടിക്രമങ്ങളും സംബന്ധിച്ച് വ്യക്തമായ ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും നൽകിയിട്ടുണ്ടോ; എങ്കിൽ അതിനായി നടപടി സ്വീകരിക്കുമോ;

(ഡി) ഇന്റേണൽ ആഡിറ്റ് വിഭാഗത്തിൽ നിയമിക്കപ്പെടുന്നവർക്ക് പ്രത്യേക പരിശീലനം നൽകുന്നുണ്ടോ; ഇല്ലെങ്കിൽ അതിനായി നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>നൂറുദിനപരിപാടിയിൽ ദളിത് ക്രൈസ്തവർക്ക് വേണ്ടി പദ്ധതി</u>

5861 ശ്രീ. മാത്യു റ്റി. തോമസ്
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ നൂറുദിന പരിപാടിയിൽ ദളിത് ക്രൈസ്തവർക്ക് വേണ്ടി ഒരു പദ്ധതിയും ഉൾപ്പെടുത്തിയിട്ടില്ലെന്ന് ചൂണ്ടിക്കാണിച്ചു കൊണ്ട് പരാതി ലഭിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പരാതിയിന്മേൽ എന്ത് നടപടി സ്വീകരിച്ചു ?

# കേരള നിയമസഭ
# 28.10.2011-ലെ മറുപടിക്ക്

<u>സേവനാവകാശ നിയമം</u>

5862 ശ്രീ. എം. പി. വിൻസെന്റ്
,, ഷാഫി പറമ്പിൽ
,, സണ്ണി ജോസഫ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉദ്യോഗസ്ഥരുടെ എസ്റ്റാബ്ലിഷ്മെന്റ് ജോലികളെയും നിർദ്ദിഷ്ട സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തുമോ ; വിശദമാക്കുമോ ;

(ബി) സേവനാവകാശനിയമത്തിന്റെ മുന്നോടിയായി ഇനി എത്ര വകുപ്പുകളിൽ കൂടി പൗരാവകാശരേഖ നിലവിൽ വരാനുണ്ട് ; വിശദമാക്കുമോ ;

(സി) സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ആഭ്യന്തര വകുപ്പിൽപ്പെടുന്ന പോലീസ് സ്റ്റേഷനുകളെ കൂടി ഉൾപ്പെടുത്തുമോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 28.10.2011-ലെ മറുപടിക്ക്

<u>വിവരാവകാശ നിയമം</u>

5863 ശ്രീ.എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവരാവകാശനിയമം നിലവിൽ വന്നശേഷം എത്ര സർക്കാർ ഉദ്യോഗസ്ഥർ യഥാസമയം മറുപടി നൽകാതെ ശിക്ഷയ്ക്ക് വിധേയരായിട്ടുണ്ട്;

(ബി) ഇതിൽ എത്ര ഐ.എ.എസ്., ഐ.പി.എസ് ഉദ്യോഗസ്ഥർ ഉണ്ട്;പ്രസ്തുത നിയമം സാധാരണക്കാരിൽ കൂടുതൽ പരിചയപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>വെബ് സൈറ്റുകൾ മലയാളത്തിലാക്കാൻ നടപടി</u>

T 5864 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യ മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ വിവിധ വകുപ്പുകളുടെ വെബ് സൈറ്റുകൾ മലയാളത്തിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

(ബി) വിവിധ വകുപ്പുകളിലെ കമ്പ്യൂട്ടർവൽക്കരണ പരിപാടികൾ എന്ന് പൂർത്തീകരിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

ഐ. എ. എസ്സുകാരുടെ സേവനം

5865 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഐ.എ. എസ് കാരുടെ തസ്തികകൾ ഒഴിവുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പല വകുപ്പുകളുടെയും അധികചുമതലകൾ നൽകുന്നതു വഴി ഐ.എ.എസ്. കാരുടെ ഫലപ്രദമായ സേവനം ലഭിക്കുന്നില്ലായെന്ന് കരുതുന്നുണ്ടോ;

(സി) കേരളാ കേഡറിൽപ്പെട്ട എത്ര ഐ.എ.എസുകാർ കേന്ദ്രത്തിൽ സേവനം അനുഷ്ഠിക്കുന്നു എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

കേന്ദ്ര സർക്കാർ സർവ്വീസിലിരിക്കെ മറ്റ് സർവ്വീസിലേക്കും പോയിട്ടുള്ള ഐ.എ.എസ്, ഐ.പി.എസ് ഓഫീസർമാർ

5866 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.എ.എസ്, ഐ.പിഎസ്. ഓഫീസർമാരിൽ എത്ര പേർ കേന്ദ്ര സർക്കാരിലേക്കും മറ്റ് സ്റ്റേറ്റ് സർവ്വീസിലേക്കും പോയിട്ടുണ്ട് ; അവർ ആരെല്ലാം ;

(ബി) ഓരോരുത്തരും മറ്റ് സർവ്വീസിലേക്ക് പോകുന്നതിന് എന്താണ് കാരണം; വ്യക്തമാക്കാമോ ;

(സി) മറ്റ് സർവ്വീസിലേക്ക് പോയ ഐ.എ.എസ്. കാർ എത്ര ; ഐ.പി. എസ്. കാർ എത്ര ; ഐ.എഫ്.എസ്. കാർ എത്ര ;

(ഡി) കേന്ദ്ര സർക്കാർ സർവ്വീസിലേക്ക് പോയവരിൽ എത്ര പേർ തിരിച്ചു വന്നു ; വിശദാംശം ലഭ്യമാക്കാമോ ?

# കേരള നിയമസഭ
# 28.10.2011-ലെ മറുപടിക്ക്

## <u>സിവിൽ സർവ്വീസിലെ അഴിമതി അവസാനിപ്പിക്കാൻ നടപടി</u>

5867 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിവിൽ സർവ്വീസിലെ അഴിമതി അവസാനിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ബി) പ്രസ്തുത നടപടികൾ പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ സിവിൽ സർവ്വീസിലെ അഴിമതി അവസാനിപ്പിക്കുന്നതിനും, സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിനുമായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ;

(സി) എല്ലാ സർക്കാർ വകുപ്പുകളിലും വിജിലൻസ് വിഭാഗം രൂപീകരിച്ച് പ്രവർത്തനം ഊർജ്ജിതമാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>ടൂ ടയർ പോലീസ് സിസ്റ്റം</u>

5868

ശ്രീ. ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജസ്റ്റിസ് കെ. ടി. തോമസ് കമ്മീഷൻ റിപ്പോർട്ടു പ്രകാരമുള്ള ടൂ ടയർ പോലീസ് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) 268/2010/ഹോം ഉത്തരവു പ്രകാരമുള്ള ലോക്കൽ, ഡിസ്ട്രിക്റ്റ് ആൻഡ് റിസർവ്വ് സംയോജനം നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ന് നടപ്പിലാക്കാനാകുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>പ്രവൃത്തി ദിവസങ്ങൾ കുറയ്ക്കുന്ന നടപടി</u>

5869 ശ്രീ.മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാരുടെ പ്രവൃത്തി ദിവസങ്ങൾ അഞ്ച് ആക്കി മാറ്റുന്ന കാര്യം പരിഗണിക്കുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ വനിതാ ജീവനക്കാർക്കെങ്കിലും ഇത് ബാധകമാക്കുമോ ?

# കേരള നിയമസഭ
# 28.10.2011-ലെ മറുപടിക്ക്

<u>തീരദേശ റോഡ് നിർമ്മാണ നടപടി</u>

5870 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാപ്പിനിശ്ശേരി, കല്ല്യാശ്ശേരി, കണ്ണപുരം, ചെറുകുന്ന് പഞ്ചായത്തുകളുടെ പടിഞ്ഞാറൻ മേഖലകളിലൂടെ കടന്നുപോകുന്ന തീരദേശ റോഡ് നിർമ്മാണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ;

(ബി) തീരദേശ റോഡ് യാഥാർത്ഥ്യമായാൽ പ്രസ്തുത പ്രദേശത്തെ ഉപ്പുവെളളക്കെടുതിമൂലമുളള ബുദ്ധിമുട്ടുകൾക്ക് ഒരു പരിധിവരെ ഇല്ലാതാക്കാനും കൃഷിഭൂമി സംരക്ഷിക്കാനും കഴിയുമെന്നതു കൊണ്ട് ഇതിന്റെ നിർമ്മാണം ഉടനടി ആരംഭിക്കാനുളള നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>സർക്കാർ ഉദ്യോഗസ്ഥർക്ക് രാഷ്ട്രീയ പ്രവർത്തന സ്വാതന്ത്ര്യം</u>

5871 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ പ്രവർത്തനത്തിൽ ഏർപ്പെടുന്ന സർക്കാർ ഉദ്യോഗസ്ഥരുടെ പേരിൽ നിയമപ്രകാരം എന്തെങ്കിലും നടപടിയെടുക്കാൻ അധികാരമുണ്ടോ; എങ്കിൽ ബന്ധപ്പെട്ട നിയമം, ചട്ടം, സർക്കാർ ഉത്തരവുകൾ എന്നിവയുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ഏതെങ്കിലും സർക്കാർ ഉദ്യോഗസ്ഥരുടെ പേരിൽ പരാതികൾ ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) കോഴിക്കോട് അസിസ്റ്റന്റ് പോലീസ് കമ്മീഷണർ ശ്രീ. രാധാകൃഷ്ണപിള്ള തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളിൽ പങ്കെടുത്തതായുള്ള ആരോപണം മാധ്യമങ്ങളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നും ഇക്കാര്യത്തിൽ എന്തു നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 28.10.2011-ലെ മറുപടിക്ക്

<u>സര്‍ക്കാര്‍ പൊതുമേഖലാ സ്ഥാപനങ്ങളിലെ പിരിച്ചുവിടല്‍ നടപടി</u>

5872 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം വിവിധ സര്‍ക്കാര്‍ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും എത്ര ജീവനക്കാരെ പിരിച്ചുവിട്ടിട്ടുണ്ട്;

(ബി) ഇവരില്‍ താല്‍ക്കാലിക ദിവസവേതനക്കാരെത്ര; കരാര്‍ ജീവനക്കാരെത്ര; സ്ഥിരം ജീവനക്കാരെത്ര; സ്ഥാപനം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ജീവനക്കാരെ പിരിച്ചുവിടുന്നതിനുള്ള കാരണം എന്തായിരുന്നെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

സംസ്ഥാനത്ത് താമസമാക്കിയിട്ടുള്ള വിദേശ പൗരന്മാർ

5873 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി എത്ര വിദേശ പൗരൻമാർ സ്ഥിരതാമസമാക്കിയിട്ടുണ്ടെന്നതിന്റെ കണക്കുകൾ നൽകുമോ; ഏതെല്ലാം രാജ്യങ്ങളിലെ പൗരൻമാർ ആണെന്നും വ്യക്തമാക്കുമോ;

(ബി) ഇവർക്കെല്ലാം തന്നെ നമ്മുടെ രാജ്യത്തുനിന്നും വിസയും മറ്റ് അനുബന്ധ രേഖകളും ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നിയമപരമായി നമ്മുടെ സംസ്ഥാനത്ത് താമസിക്കുവാൻ അനുമതി ലഭിച്ചവരാണോ;

(സി) നിയമപരമായി അനുമതി ലഭിക്കാതെ നമ്മുടെ സംസ്ഥാനത്ത് താമസിക്കുകയും ഭൂമി കൈവശാവകാശം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നമ്മുടെ സംസ്ഥാനത്ത് നേടിയെടുത്തതുമായ വിദേശ പൗരൻമാരെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ചത് ലഭ്യമാക്കുമോ;

(ഡി) ഇത്തരം ദേശവിരുദ്ധ പ്രവർത്തനങ്ങളുമായി സംസ്ഥാനത്ത് സ്ഥിരതാമസമാക്കിയിട്ടുള്ള വിദേശ പൗരൻമാർക്കെതിരെ സ്വീകരിച്ച നടപടികളെ സംബന്ധിച്ച് വിശദീകരിക്കുമോ?

# കേരള നിയമസഭ
# 28.10.2011-ലെ മറുപടിക്ക്

ഒരേ സ്ഥാപനത്തില്‍ കൂടുതല്‍ കാലം ജോലിയില്‍ തുടരുന്നതിനെതിരെ നടപടി

T5874 ശ്രീ. ഇ. കെ. വിജയന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കോഴിക്കോട് ജില്ലയില്‍ 'തദ്ദേശസ്വയംഭരണ സ്ഥാപനങ്ങള്‍' ഉള്‍പ്പെടെ വിവിധ സര്‍ക്കാര്‍ സ്ഥാപനങ്ങളില്‍ പത്തു വര്‍ഷത്തില്‍ കൂടുതല്‍ കാലം ഒരേ സ്ഥാപനത്തില്‍ ജോലിയില്‍ തുടരുന്ന എത്ര പേര്‍ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഒരേ സ്ഥാപനത്തില്‍ കൂടുതല്‍ കാലം ജോലിയില്‍ തുടരുന്നത് കാര്യക്ഷമതയും അഴിമതിയും ഉണ്ടാകാന്‍ കാരണമാകുമെന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) എങ്കില്‍ ഇതു തടയുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 28.10.2011-ലെ മറുപടിക്ക്

<u>ഗസറ്റഡ് ജീവനക്കാരുടെ പേസ്ലിപ്പ്</u>

5875 ശ്രീ. ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 9-ാം ശമ്പള പരിഷ്ക്കരണത്തെത്തുടർന്ന് പേ ഫിക്സേഷന് വേണ്ടി ഓപ്ഷൻ നൽകിയ സംസ്ഥാനത്തെ ഗസറ്റഡ് ജീവനക്കാർക്ക് പേസ്ലിപ്പ് കിട്ടുന്നതിൽ ഉണ്ടായിരിക്കുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശമ്പള പരിഷ്ക്കരണം കഴിഞ്ഞ് ഏഴ് മാസത്തിന് ശേഷവും പേസ്ലിപ്പ് കിട്ടാത്തതിനാൽ ഗസറ്റഡ് ഉദ്യോഗസ്ഥർക്ക് പുതുക്കിയ നിരക്കിലുള്ള ശമ്പളം ലഭിക്കാത്ത സാഹചര്യം പരിശോധിക്കുമോ;

(സി) ഇതു സംബന്ധിച്ച് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ; നിവേദനം എന്നു ലഭിച്ചു; ആയതിന്മേൽ എന്തു നടപടി സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളിലും സംസ്ഥാന ഗസറ്റഡ് ജീവനക്കാരുടെ പേസ്ലിപ്പ് മാതൃവകുപ്പുകൾ തന്നെയാണ് നൽകുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇക്കാര്യങ്ങൾ പരിഗണിച്ച് നിലവിൽ അക്കൗണ്ടന്റ് ജനറലിന്റെ ഓഫീസിൽ നിർവ്വഹിച്ചുവരുന്ന ഗസറ്റഡ് ഉദ്യോഗസ്ഥരുടെ ലീവ് സാലറിസ്ലിപ്പും പേസ്ലിപ്പും സംബന്ധമായ കാര്യങ്ങൾ പ്രസ്തുത ഉദ്യോഗസ്ഥരുടെ മാതൃവകുപ്പിൽ തന്നെ നിർവ്വഹിക്കുന്നതിനും പേസ്ലിപ്പ് മാതൃവകുപ്പിൽ നിന്നുതന്നെ നൽകുന്നതിനും ഉത്തരവാകുമോ?

# കേരള നിയമസഭ
# 28.10.2011-ലെ മറുപടിക്ക്

<u>ആശ്രിത നിയമനം</u>

5876 ശ്രീമതി. കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളിൽ ആശ്രിതനിയമനം നടത്തുന്നതിന്റെ നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; ആയത് സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) 7120/ഗ3/2009 ആഭ്യന്തരം എന്ന നമ്പറിലുള്ള ഫയലിൽ തീരുമാനം എടുത്തിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ പ്രസ്തുത ഫയലിൽ എപ്പോൾ തീരുമാനം എടുക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

ആശ്രിത നിയമനം

5877 ശ്രീ. സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസുകാരുടെ മരണത്തെ തുടർന്ന് ആശ്രിതർക്ക് നൽകുന്ന നിയമനത്തിന് മിനിസ്റ്റീരിയൽ തസ്തികക ളുടെ കുറവ് കാരണം താമസം നേരിടുന്ന സാഹചര്യ ത്തിൽ ഇവരെ മറ്റ് വകുപ്പുകളിലേക്ക് നിയമനത്തിന് പരിഗണിക്കാൻ സർക്കാർ തീരുമാനം എടുക്കുമോ;

(ബി) ഇല്ല എങ്കിൽ വനിതാ പോലീസ് നിയമനത്തിൽ ഇവർക്ക് വയസ് ഇളവ് അനുവദിക്കാൻ തീരുമാനം എടുക്കുമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

കാസര്‍ഗോഡ് ജില്ലയിലെ താല്‍ക്കാലിക ഉദ്യോഗ നിയമനം

5878

ശ്രീ. എന്‍. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാസര്‍ഗോഡ് ജില്ലയിലെ വിവിധ സര്‍ക്കാര്‍, അര്‍ദ്ധ സര്‍ക്കാര്‍ സ്ഥാപനങ്ങളില്‍ എത്ര താല്‍ക്കാലിക ജീവനക്കാരുണ്ട്;

(ബി) ഓഫീസ് തിരിച്ച് എണ്ണം, തസ്തിക എന്നിവ വ്യക്തമാക്കുമോ;

(സി) താല്‍ക്കാലിക ഉദ്യോഗ നിയമനം നടത്തിയതില്‍ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന, നേരിട്ട് നിയമനം എന്നിവ സംബന്ധിച്ച് വെവ്വേറെ കണക്കുകള്‍ വ്യക്തമാക്കാമോ;

(ഡി) നിലവിലുള്ള സര്‍ക്കാര്‍ വന്നതിനു ശേഷം ഇത്തരത്തില്‍ എത്ര നിയമനങ്ങള്‍ നടത്തിയിട്ടുണ്ട് ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>സംസ്ഥാന സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം</u>

5879 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സംസ്ഥാന സർക്കാർ ജീവനക്കാരുടെ നിലവിലുള്ള പെൻഷൻ സമ്പ്രദായത്തിനു പകരം കോൺട്രിബ്യൂട്ടറി പെൻഷൻ സമ്പ്രദായം നടപ്പിലാക്കാമെന്ന് സംസ്ഥാന ഗവൺമെന്റ് കേന്ദ്രാസൂത്രണ കമ്മീഷനുമായി നടത്തിയ വാർഷിക പദ്ധതി ചർച്ചയിൽ സമ്മതിക്കുകയുണ്ടായോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ചർച്ചയിൽ സംസ്ഥാന സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമെന്ന് കേന്ദ്രാസൂത്രണ കമ്മീഷന് സംസ്ഥാന സർക്കാർ ഉറപ്പു നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>പെൻഷൻ പ്രായം വർദ്ധിപ്പിക്കൽ</u>

5880 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റ് ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പെൻഷൻ പ്രായം വർദ്ധിപ്പിക്കാൻ സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ടോ;

(ബി) അതു സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് നൽകാൻ മന്ത്രിമാരുടെ കമ്മിറ്റിയെ അധികാരപ്പെടുത്തിയിട്ടുണ്ടോ;

(സി) പെൻഷൻ പ്രായം വർദ്ധിപ്പിച്ചാൽ പി.എസ്.സി. റാങ്ക് ലിസ്റ്റിലുള്ളവരുടെയും തൊഴിലില്ലാത്ത ലക്ഷക്കണക്കിന് ചെറുപ്പക്കാരുടെയും പ്രതീക്ഷകളെ പ്രതികൂലമായി ബാധിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ നയമെന്താണ്; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 28.10.2011-ലെ മറുപടിക്ക്

<u>മന്ത്രിമാരുടെ ഫോൺ ചാർജ്</u>

5881 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരമേറ്റ ശേഷം ഇതുവരെ ഓരോ മന്ത്രിയുടെ ഓഫീസിലും ഔദ്യോഗിക വസതിയിലും ഫോണുകൾക്കുവേണ്ടി കോൾ ചാർജിനത്തിലും വാടക ഇനത്തിലും എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; ഓരോ മന്ത്രിയുടെയും ചെലവുകൾ പ്രത്യേകം വിശദമാക്കുമോ;

(ബി) മന്ത്രിമാർക്ക് അനുവദിച്ചിട്ടുള്ള മൊബൈൽ ഫോണുകൾക്കുവേണ്ടി എത്ര രൂപ കോൾ ചാർജിനത്തിൽ ചെലവഴിച്ചിട്ടുണ്ട്; ഓരോ മന്ത്രിയുടെയും ചെലവുകൾ പ്രത്യേകമായി വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>മന്ത്രിമാരുടെ വിദേശയാത്ര</u>

5882 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര മന്ത്രിമാർ സർക്കാർ ചെലവിൽ വിദേശയാത്രകൾ നടത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

മന്ത്രിമന്ദിരങ്ങളുടെ മോടിപിടിപ്പിക്കൽ

5883 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മന്ത്രിമാരിൽ സർക്കാർ മന്ദിരങ്ങളിൽ താമസിക്കാത്തവർ ആരെങ്കിലുമുണ്ടോ ;

(ബി) എങ്കിൽ വാടക വീടുകൾ മോടിപിടിപ്പിക്കുവാൻ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് ;

(സി) ഓരോ വീടിനും ചെലവഴിച്ച തുക എത്ര ; വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

രാഷ്ട്രീയ പ്രവർത്തന അനുമതി ലഭിക്കുന്നതിന് നടപടി

5884 ശ്രീ. മഞ്ഞളാംകുഴി അലി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ്, സഹകരണ, പൊതുമേഖല തുടങ്ങിയ സ്ഥാപനങ്ങളിൽ പണിയെടുക്കുന്ന ഏതെല്ലാം ജീവനക്കാർക്കാണ് രാഷ്ട്രീയ പ്രവർത്തനത്തിന് അനുമതിയുള്ളതെന്ന് വിശദമാക്കുമോ ;

(ബി) ഇവരിൽ തെരഞ്ഞെടുപ്പുകളിൽ മത്സരിക്കുവാൻ അനുവാദമുള്ള വിഭാഗങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇങ്ങനെ തെരഞ്ഞെടുക്കപ്പെടുന്നവരുടെ സേവന വേതന വ്യവസ്ഥകളും സേവനകാലം എപ്രകാരം കണക്കാക്കുന്നുവെന്നും വിശദമാക്കുമോ ;

(ഡി) സർക്കാർ ജീവനക്കാരുടെ രാഷ്ട്രീയ പ്രവർത്തനം വിലക്കിയിട്ടുള്ളതും രാഷ്ട്രീയ പാർട്ടികളിൽ അംഗത്വമെടുക്കുന്നതിനെയും വിലക്കിയിട്ടുള്ളതും സംബന്ധിച്ച വകുപ്പുകൾ ഏതെല്ലാമാണ് ;

(ഇ) ഇതു സംബന്ധിച്ച ഉത്തരവുകളുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) ഇതിന്റെ പരിധിയിൽ വരാത്ത ജീവനക്കാർ ആരെല്ലാമാണെന്നും അവർക്ക് അനുവദിച്ചിട്ടുള്ള സർക്കാർ റൂളുകളുടെ വിശദാംശവും വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>ഇരട്ട അംഗത്വം</u>

5885 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർ അംഗീകൃത യൂണിയനുകളിൽ ഇരട്ട അംഗത്വമെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനെതിരെ നടപടി സ്വീകരിക്കുമോ;

(സി) ഇതിൽ അംഗീകൃത യൂണിയനിൽ അംഗത്വമെടുത്തവരുടെ കണക്ക് സംഘടന തിരിച്ച് വിശദമാക്കാമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>അന്തർജില്ലാ സ്ഥലം മാറ്റം</u>

5886 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജില്ലകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ എത്ര ശതമാനമാണ് നിലവിൽ അന്തർജില്ലാ സ്ഥലം മാറ്റത്തിന് നീക്കിവച്ചിരിക്കുന്നത്;

(ബി) കൊല്ലം ജില്ലയിലെ വിവിധ വകുപ്പുകളിൽ അനുവദനീയമായ ശതമാനത്തിനപ്പുറം ജീവനക്കാർ മറ്റ് ജില്ലകളിലെ വിവിധ വകുപ്പുകളിൽ നിന്നും സ്ഥലം മാറ്റം വഴി എത്തിച്ചേരുന്നതായുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അന്തർജില്ലാ സ്ഥലം മാറ്റത്തിൽ മാനദണ്ഡം പാലിക്കാത്ത വകുപ്പുകൾക്കെതിരെ എന്തു നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(ഡി) പ്രൊമോഷൻ വഴി ഉണ്ടാകുന്ന എൻട്രി കേഡർ ഒഴിവുകൾ റാങ്ക് ലിസ്റ്റുകളിൽ നിന്നല്ലാതെ സ്ഥലം മാറ്റത്തിലൂടെ നികത്തുന്നത് തടയാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>പാര്‍ട്ടൈം ജീവനക്കാര്‍ക്ക് മെഡിക്കല്‍ ലീവും</u>
<u>റീഇംബേഴ്സ്മെന്റും</u>

5887 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന സര്‍ക്കാരിന്റെ കീഴില്‍ ജോലി നോക്കുന്ന പാര്‍ട്ടൈം ജീവനക്കാര്‍ക്ക് മെഡിക്കല്‍ ലീവും, റീഇംബേഴ്സ്മെന്റും നല്‍കുന്നില്ല എന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) പാര്‍ട്ടൈം ജീവനക്കാര്‍ക്ക് മെഡിക്കല്‍ ലീവും, റീഇംബേഴ്സ്മെന്റും നല്‍കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>സ്വകാര്യ കുറ്റാന്വേഷണ ഏജൻസികൾക്ക് പ്രോത്സാഹനം</u>

5888 ശ്രീ. എം. പി. വിൻസെന്റ്
'' എം. എ. വാഹീദ്
'' വി. റ്റി. ബൽറാം
'' എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തെരഞ്ഞെടുക്കപ്പെട്ട മേഖലകളിൽ സ്വകാര്യ കുറ്റാന്വേഷണ ഏജൻസികളെ അന്വേഷണത്തിന് നിയോഗിക്കുന്നതിന് നിയമഭേദഗതി കൊണ്ടുവരുമോ ;

(ബി) സ്വകാര്യ കുറ്റാന്വേഷണ ഏജൻസികളെ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ തലത്തിൽ നടപടി കൈക്കൊള്ളുമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>കേരളത്തിലെ ഭീകരവാദ പ്രവർത്തനങ്ങൾ</u>

5889 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നടക്കുന്ന ഭീകരവാദ പ്രവർത്തനങ്ങളുടെ ദേശീയ അന്തർദേശീയ ബന്ധങ്ങൾ സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച വിവരങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>സി. ബി. ഐ. അന്വേഷണം ആവശ്യപ്പെട്ട കേസുകൾ</u>

5890 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
ഡോ. കെ. ടി. ജലീൽ
ശ്രീ. വി. ചെന്താമരാക്ഷൻ
,, കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസിന്റെ വിശ്വാസ്യത കുറയുന്നതായി അറിവുണ്ടോ;

(ബി) എങ്കിൽ ഇതുമൂലം മിക്ക കേസിലും സി. ബി. ഐ. അന്വേഷണം ആവശ്യപ്പെടുന്ന പ്രവണത ശക്തിപ്പെട്ടുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;ഇത് പൊതുവിൽ എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ഈ സർക്കാരിന്റെ കാലത്ത് സി. ബി.ഐ അന്വേഷണം ആവശ്യപ്പെട്ട കേസുകൾ എത്രയാണ് ?

# കേരള നിയമസഭ
# 28.10.2011-ലെ മറുപടിക്ക്

ഐ. എ. എസ്. ഓഫീസർമാർക്കെതിരെയുള്ള കേസുകൾ

5891 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എത്ര ഐ. എ. എസ്. ഓഫീസർമാർക്കെതിരെയാണ് കേസുകളും അന്വേഷണങ്ങളും നിലവിലുളളത്; അവർ ആരൊക്കെയാണ്;

(ബി) ഈ ഓഫീസർമാർക്കെതിരെയുള്ള കേസുകളുടെ വിശദാംശം നല്കുമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>പോലീസ് നവീകരണത്തിനായി പദ്ധതി</u>

5892 ശ്രീ. വി. എസ്. സുനില്‍ കുമാര്‍
,, കെ. രാജു
,, പി. തിലോത്തമന്‍
,, വി. ശശി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് പോലീസ് നവീകരണത്തിനായി എന്തെല്ലാം പദ്ധതികള്‍ നടപ്പാക്കി വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനു ശേഷം എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പോലീസ് സേനയ്ക്ക് ആധുനിക രീതിയിലുള്ള ആയുധങ്ങള്‍ നല്‍കുവാന്‍ തീരുമാനിച്ചിട്ടുണ്ടോ; ഇതിന്റെ ഭാഗമായി എത്ര രൂപയുടെ എന്തെല്ലാം സാധനങ്ങളാണ് വാങ്ങിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>റോഡപകടങ്ങള്‍ വര്‍ദ്ധിക്കുന്നത് തടയാന്‍ നടപടി</u>

5893 ശ്രീ.കെ. സുരേഷ് കുറുപ്പ്
,, ആര്‍.സെല്‍വരാജ്
,, ആര്‍. രാജേഷ്
,, കെ.രാധാകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

സംസ്ഥാനത്ത് പ്രതിമാസം ശരാശരി എത്രപേര്‍ റോഡപകടങ്ങള്‍ മൂലം മരണമടയുകയും പരിക്കുപറ്റുകയും ചെയ്യുന്നുണ്ട് ; ഇതില്‍ വിദ്യാര്‍ത്ഥികളെത്ര ; ഡ്രൈവര്‍മാരെത്ര ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>സ്റ്റുഡന്റ് പോലീസ് പദ്ധതി</u>

5894

ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏതാനും സ്കൂളുകളിൽ ആരംഭിച്ച സ്റ്റുഡന്റ് പോലീസ് പദ്ധതി ഏതെല്ലാം വകുപ്പുകൾ ചേർന്നാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) അംഗങ്ങളാകുന്ന കുട്ടികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നത്;

(സി) എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ഗ്രേസ് മാർക്ക്, ഹയർ സെക്കണ്ടറി, പ്രൊഫഷണൽ കോഴ്സുകളിലെ അഡ്മിഷൻ എന്നിവയ്ക്ക് ഇത് പരിഗണിച്ച് വെയിറ്റേജ് നൽകുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്</u>

5895 ശ്രീ. കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയതായി രൂപീകരിച്ച സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് (എസ്.പി.സി) പദ്ധതിയുടെ കേന്ദ്ര ഓഫീസ് എവിടെയാണ് പ്രവർത്തിക്കുന്നത്:

(ബി) ഓഫീസിന്റെ പ്രവർത്തനത്തിന് നേതൃത്വം നൽകുന്നത് ആരാണ് ;

(സി) ഓഫീസിൽ സ്ഥിരാടിസ്ഥാനത്തിലോ താൽക്കാലികാടിസ്ഥാനത്തിലോ സ്റ്റാഫിനെ നിയമിച്ചിട്ടുണ്ടോ ;

(ഡി) പ്രസ്തുത ഓഫീസിൽ സ്ഥിരമായി ജീവനക്കാരെ നിയമിക്കാൻ ഉദ്ദേശ്യമുണ്ടോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

സ്കൂളുകൾക്ക് ''സ്റ്റുഡന്റ് പോലീസ് കേഡറ്റ്'' സംവിധാനം

5896 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ എത്ര സ്കൂളുകൾക്ക് ''സ്റ്റുഡന്റ് പോലീസ് കേഡറ്റ്'' സംവിധാനം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര സ്കൂളുകൾക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) അപേക്ഷ സമർപ്പിച്ച എല്ലാ സ്കൂളുകൾക്കും ആയത് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 28.10.2011-ലെ മറുപടിക്ക്

<u>കേരളത്തിൽ വർദ്ധിച്ചുവരുന്ന ആത്മഹത്യാനിരക്ക്</u>

5897 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ ആത്മഹത്യാനിരക്ക് വളരെ വർദ്ധിച്ച്വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഇതിന് പരിഹാരമായി നടപ്പാക്കാൻ എന്തെങ്കിലും നടപടികൾ ആസൂത്രണം ചെയ്തിട്ടുണ്ടെങ്കിൽ അവ വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>സീബ്രാ ലൈനിലെ പാർക്കിംഗ്</u>

5898 ശ്രീ. എം. പി. വിൻസെന്റ്
,, ഹൈബി ഈഡൻ
,, കെ. ശിവദാസൻ നായർ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിഗ്നൽ കാത്ത് കിടക്കുന്ന വാഹനങ്ങൾ സീബ്രാ ലൈനിൽ നിർത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജനങ്ങൾക്കു റോഡ് മുറിച്ചു കടക്കുന്നതിനുള്ള സിഗ്നൽ വന്നു കഴിഞ്ഞാലും സീബ്രാ ലൈനിൽ വാഹനങ്ങൾ കയറ്റി നിർത്തി കാൽനടയാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന ഡ്രൈവർമാർക്കെതിരെ എന്തു നടപടിയാണ് നിയമപ്രകാരം എടുക്കാൻ കഴിയുക;

(സി) ഇത്തരം എത്ര കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; അവയിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>സമരങ്ങളിൽ പൊതുമുതൽ നശിപ്പിച്ചവർക്കെതിരെ നടപടി</u>

5899 ശ്രീ. എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പ്രതിപക്ഷ യുവജന വിദ്യാർത്ഥി സംഘടനകൾ നടത്തിയ സമരങ്ങളിൽ എത്ര സർക്കാർ, കെ.എസ്.ആർ.ടി.സി, സ്വകാര്യ വാഹനങ്ങൾ തകർത്തിട്ടുണ്ട്;

(ബി) ഇതുവഴി സർക്കാരിന് എത്ര ലക്ഷം രൂപയുടെ നഷ്ടം ആണ് ഉണ്ടായിട്ടുളളത്;

(സി) ഇത്തരം നാശനഷ്ടമുണ്ടാക്കിയവർ ആരൊക്കെ എന്ന് വ്യക്തമായിട്ടുണ്ടോ; എങ്കിൽ അവർക്കെതിരെ എന്തെങ്കിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഇപ്രകാരം പൊതുമുതൽ നശിപ്പിക്കുന്നവരെ തിരിച്ചറിയുന്നതിന് റോഡുകളിൽ സ്ഥാപിച്ചിട്ടുളള ക്യാമറകൾ സഹായകമായിട്ടുണ്ടോ; ആയതിന്റെ വിശദാംശം നൽകാമോ?

# കേരള നിയമസഭ
# 28.10.2011-ലെ മറുപടിക്ക്

<u>പോലീസിൽ അധികാര ദുർവിനിയോഗം</u>

5900 ശ്രീ. ഇ. പി. ജയരാജൻ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, കെ. രാധാകൃഷ്ണൻ
,, രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസിൽ നിക്ഷിപ്തമായ അധികാരങ്ങൾ ദുർവിനിയോഗം ചെയ്യപ്പെടുന്ന സംഭവങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ നിലയിലുള്ള എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ; ആർക്കെല്ലാം എതിരായിട്ടാണ് ഉണ്ടായിട്ടുള്ളത് ;

(സി) എന്തുകൊണ്ടാണ് ഇത്തരം സംഭവങ്ങൾ ആവർത്തിച്ച് ഉണ്ടാകുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ തിരുത്തൽ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>പോലീസ് സ്റ്റേഷനുകളിലെ ടെലിഫോൺ, ഇന്റർനെറ്റ് ഉപയോഗത്തിനുള്ള തുക</u>

5901 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ ടെലിഫോൺ, ഇന്റർനെറ്റ് എന്നിവയ്ക്കായി എത്ര തുകയാണ് പ്രതിമാസം അനുവദിക്കുന്നത്;

(ബി) പ്രസ്തുത തുക നിലവിലുള്ള സാഹചര്യത്തിൽ പരിമിതമാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഈ ഇനത്തിലുള്ള തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

മണിചെയിൻ തട്ടിപ്പിനെതിരെ അന്വേഷണം

5902 ശ്രീ. റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യൂണിപേ, വിസാരേഖ് എന്നീ മണിചെയിൻ കമ്പനികളുടെ മറവിൽ പണം തട്ടി എടുത്തു എന്ന പ്രശ്നം ഉന്നയിച്ച് തിരുവനന്തപുരം കുന്നുകുഴി കെ. വി. ലൈനിൽ ശ്രീ. ബി. ക്രിസ്റ്റഫർ 11.06.2011 ന് ശേഷം സ്റ്റേറ്റ് പോലീസ് ചീഫിന് പരാതി നൽകിയിരുന്നുവോ; എങ്കിൽ ആ പരാതിയിൽ ഉന്നയിച്ച സംഗതികളിൻമേൽ എന്ത് തരത്തിലുള്ള അന്വേഷണമാണ് പോലീസ് നടത്തിയത് എന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പരാതിയിൽ ശ്രീ. പ്രേംകുമാർ VNRA-100, കരുമം, കരമന, തിരുവനന്തപുരം എന്നയാളുടേയും കുടുംബാംഗങ്ങളുടെയും സാമ്പത്തിക ഇടപാടുകളെ കുറിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(സി) വ്യക്തമായ സാമ്പത്തിക സ്രോതസ്സ് ഇല്ലാതെ ഇവർ പരാതിയിൽ സൂചിപ്പിക്കുന്ന പ്രകാരം സാമ്പത്തിക ഇടപാടുകൾ നടത്തിയ കാര്യം ഗൗരവമായി അന്വേഷിച്ച് മേൽനടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

ജി. ഐ. എസ്. സഹായത്തോടെയുള്ള നിയമപാലനം

5903 ശ്രീ. കെ. അച്ചുതൻ
,, സി. പി. മുഹമ്മദ്
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിന്റെ ജി. ഐ. എസ്. സഹായത്തോടെയുള്ള നിയമപാലനത്തിലൂടെ പൗരന്മാർക്ക് എന്തെല്ലാം സേവനങ്ങളാണ് നൽകിവരുന്നത്;

(ബി) ഈ സേവനസൗകര്യങ്ങൾ സംസ്ഥാനത്ത് എത്രയിടങ്ങളിൽ നടപ്പാക്കിയിട്ടുണ്ട്;

(സി) എല്ലാ സംഘങ്ങളിലേക്കും ഇത് വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) പൗരന്മാർക്ക് ആവശ്യമായ വിവരങ്ങൾ അറിയുന്നതിനുള്ള ടച്ച് സ്ക്രീൻ കിയോസ്ക്കുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>വിദ്യാർത്ഥികൾക്കെതിരെ ഹോംഗാർഡുകളുടെ അക്രമം</u>

5904 ശ്രീ.കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗതാഗതനിയന്ത്രണത്തിനും വിദ്യാർത്ഥികളെ റോഡ് മുറിച്ചുകടക്കാൻ സഹായിക്കുന്നതിനുമായി ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ഹോംഗാർഡുകൾ വിദ്യാത്ഥികളെ ലാത്തി ഉപയോഗിച്ച് മർദ്ദിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഹോംഗാർഡുകൾക്ക് ലാത്തി ഉപയോഗിക്കാൻ അനുവാദം നൽകിയിട്ടുണ്ടോ ;

(സി) ഹോംഗാർഡുകൾ വിദ്യാർത്ഥികളെ മർദ്ദിച്ച സംഭവം അന്വേഷിക്കുമോ ;

(ഡി) അക്രമം നടത്തിയ ഹോംഗാർഡിനെതിരെ നടപടി എടുത്തിട്ടുണ്ടോ ; ഇല്ലെങ്കിൽ നടപടിയുണ്ടാകുമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>പിൻവലിക്കപ്പെട്ട കേസ്സുകൾ</u>

5905 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഇതേവരെ എത്ര കേസ്സുകൾ പിൻവലിക്കാനായി പ്രോസിക്യൂഷന് ഉത്തരവ് നൽകിയിട്ടുണ്ട്; ഇത് പ്രകാരം എത്ര കേസ്സുകൾ പിൻവലിക്കപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ തരത്തിലുള്ള കേസ്സുകളാണ് പിൻവലിച്ചിട്ടുള്ളതെന്നും ഇവ ഏതൊക്കെ സെക്ഷൻ ഉൾപ്പെടുത്തിയിരുന്ന കേസ്സുകളാണെന്നും ഏതൊക്കെ കോടതികളിൽ ഉള്ളവ ആയിരുന്നുവെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>അന്യ സംസ്ഥാനങ്ങളിലെ മലയാളി വിദ്യാർത്ഥികളുടെ സുരക്ഷ</u>

5906 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട്ടിലെ സേലത്ത് പാവൈ എഞ്ചിനീയറിംഗ് കോളേജിലെ മലയാളി വിദ്യാർത്ഥികൾക്ക് മർദ്ദനമേറ്റതു സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പീഡനം ചോദ്യം ചെയ്തതിന് സസ്പെന്റ് ചെയ്യപ്പെട്ട വിദ്യാർത്ഥികളെ കോളേജിൽ തിരികെ പ്രവേശിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ഇതര സംസ്ഥാനങ്ങളിൽ പഠിക്കുന്ന മലയാളി വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>പാലക്കാട് പുതിയ സബ്ജയിൽ നിർമ്മിക്കുന്നതിന് നടപടി</u>

5907 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് സബ്ജയിലിൽ പാർപ്പിക്കാവുന്ന പരമാവധി തടവുകാരുടെ എണ്ണമെത്രയാണ്;

(ബി) ഇപ്രകാരം പാർപ്പിക്കുവാൻ കഴിയുന്ന തടവുകാരുടെ എണ്ണത്തേക്കാൾ കൂടുതൽ തടവുകാർ നിലവിൽ പാലക്കാട് സബ്ജയിലിൽ കഴിയുന്നുണ്ടോ;

(സി) ഇവിടുത്തെ സ്ഥലപരിമിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ആവശ്യമായ സ്ഥലം ഏറ്റെടുത്ത് പുതിയ സബ് ജയിൽ നിർമ്മിക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>ബംഗാളി തൊഴിലാളികൾക്ക് നേരെ ആക്രമണം</u>

5908 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം അസംബ്ലി നിയോജക മണ്ഡലത്തിൽ മുരിക്കും മൂട്ടിൽ 25-09-2011 ന് രാത്രിയിൽ 40 ഓളം വരുന്ന ബംഗാളി തൊഴിലാളികളെ സംഘം ചേർന്ന് ആക്രമിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിന് ഉത്തരവാദികളായ എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുണ്ടോ ;

(സി) കുറ്റവാളികൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ ;

(ഡി) പ്രസ്തുത തൊഴിലാളികൾക്ക് പൂർണ്ണമായും സൗജന്യ വൈദ്യസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 28.10.2011-ലെ മറുപടിക്ക്

<u>ഗുരുവായൂര്‍ ക്ഷേത്രത്തിന്റെ സുരക്ഷാ സംവിധാനം</u>

5909 ശ്രീ. റ്റി. എന്‍. പ്രതാപന്‍
'' കെ. അച്ചുതന്‍
'' വര്‍ക്കല കഹാര്‍
'' വി. ഡി. സതീശന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഗുരുവായൂര്‍ ക്ഷേത്രത്തിന്റെ സുരക്ഷയ്ക്ക് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇതിനായി ടെംപിള്‍ പോലീസ് സ്റ്റേഷന്‍ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) സുരക്ഷാ സന്നാഹം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സ്കാനറുകള്‍ അടക്കമുള്ള അത്യാധുനിക ഉപകരണങ്ങള്‍ സ്ഥാപിക്കുമോ;

(ഡി) ഭക്തജനങ്ങള്‍ക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത രീതിയില്‍ സുരക്ഷാസംവിധാനങ്ങള്‍ ഏര്‍പ്പെടുത്തുന്നകാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 28.10.2011-ലെ മറുപടിക്ക്

<u>മണൽ കേസ്സുകൾ</u>

5910 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈക്കം, വെള്ളൂർ, തലയോലപ്പറമ്പ് പോലീസ് സ്റ്റേഷനുകളിലായി കഴിഞ്ഞ 1 വർഷത്തിനിടയിൽ അനധികൃത മണൽ ഖനനത്തിനും മണൽ കടത്തിനുമെതിരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കേസുകളുമായി ബന്ധപ്പെട്ട് എത്ര വാഹനങ്ങളും, വള്ളങ്ങളും പോലീസ് കസ്റ്റഡിയിൽ എടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) ഇങ്ങനെ പിടിക്കപ്പെട്ട വാഹനമോ, വള്ളമോ പോലീസ് ലേലത്തിന് വിധേയമാക്കിയിട്ടുണ്ടോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

കെ. ഇ. പി. എ., പി. ടി. സി. എന്നീ ട്രെയിനിംഗുകാരുടെ വിശദാംശം

5911 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. ഇ. പി. എ., പി. ടി. സി. എന്നീ വിടങ്ങളിലായി കഴിഞ്ഞ അഞ്ചു വർഷക്കാലം എത്ര പരിശീലന ക്ലാസുകൾ നടത്തിയിട്ടുണ്ട്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷമുള്ള ഈ പരിശീലക സ്ഥാപനങ്ങളുടെ പുരോഗതി വിവരം നൽകുമോ;

(സി) ഇപ്രകാരമുള്ള അക്കാദമികളിൽ ക്ലാസ്സെടുക്കുന്ന അദ്ധ്യാപകരുടെ നിയമനരീതിയും യോഗ്യതയും വെളിപ്പെടുത്തുമോ;

(ഡി) ഈ സ്ഥാപനങ്ങളിലെ ഡി. എം. യു. മാരുടെ യോഗ്യത നിശ്ചയിക്കപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

ജയിലുകളിലെ മൊബൈൽ ജാമറുകൾ

5912 ശ്രീ. വി.റ്റി. ബൽറാം
'' സണ്ണി ജോസഫ്
'' ലൂഡി ലൂയിസ്
'' പി.എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജയിലുകളിൽ മൊബൈൽ ജാമറുകൾ പ്രവർത്തക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് കൈകൊള്ളാനുദ്ദേശിക്കുന്നത്;

(ബി) അത്യാധുനിക സാങ്കേതിക സംവിധാനങ്ങൾ ഉള്ള മൊബൈൽ ജാമറുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) മൊബൈൽ ജാമറുകളുടെ പ്രവർത്തന രീതിയെ സംബന്ധിച്ച് ഇടയ്ക്കിടെ പരിശോധ നടത്തുന്ന സംവിധാനം ഏർപ്പെടുത്തുമോ?

# കേരള നിയമസഭ
# 28.10.2011-ലെ മറുപടിക്ക്

**ആർ. ബാലകൃഷ്ണപിള്ളയുമായി ഫോണിൽ ബന്ധപ്പെട്ട വർക്കെതിരെ കേസ്**

5913 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജയിലിൽ കഴിയുന്ന ആർ. ബാലകൃഷ്ണപിള്ളയുമായി ഫോണിൽ ബന്ധപ്പെട്ടതിന് റിപ്പോർട്ടർ ചാനൽ ലേഖകൻ, സർക്കാർ ചീഫ് വിപ്പ് എന്നിവരുടെ പേരിൽ കേസ് എടുത്തിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ട്;

(സി) പ്രസ്തുത കുറ്റത്തിന് നിയമപരമായി എന്ത് ശിക്ഷയാണ് നിശ്ചയിച്ചിട്ടുള്ളത്?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>ക്രിമിനൽ സ്വഭാവമുള്ള പോലീസുകാർ</u>

5914 ശ്രീ. എ. കെ. ബാലൻ
,, എ. എം. ആരിഫ്
,, എം. ചന്ദ്രൻ
,, ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്രിമിനൽ സ്വഭാവമുള്ള പോലീസുകാർ സമൂഹത്തിന്റെ സുരക്ഷയെ ബാധിക്കുമെന്ന് കേരള ഹൈക്കോടതി ഡിവിഷൻ ബെഞ്ച് അഭിപ്രായപ്പെട്ടിട്ടുളളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സംബന്ധമായി ഡി.ജി.പി. സമർപ്പിച്ച റിപ്പോർട്ട് കോടതി അംഗീകരിക്കുകയുണ്ടായോ ; ഇല്ലെങ്കിൽ പൂർണ്ണവും വ്യക്തവുമായ വിവരങ്ങൾ അടങ്ങിയ പുതിയ റിപ്പോർട്ട് കോടതി ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) ക്രിമിനൽ സ്വഭാവമുള്ളവരെ അകറ്റി നിർത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>പൊതുസ്ഥലങ്ങളിലെ പുകവലി</u>

5915 ശ്രീ.കെ.കെ.ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുസ്ഥലങ്ങളിലെ പുകവലി വർദ്ധിച്ചുവരുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പൊതുസ്ഥലങ്ങളിലെ പുകവലി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ, ഇതുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്നത് കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

<u>ബി.എസ്.എൻ.എൽ. പ്രവർത്തനത്തിന്റെ ന്യൂനതകൾ</u>

5974 ശ്രീ. എം.എ. ബേബി
'' കെ. സുരേഷ് കുറുപ്പ്
'' ബാബു എം. പാലിശ്ശേരി
'' ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സേവനങ്ങൾ നൽകാതെയും സ്വകാര്യ കമ്പനികളുടെ വെല്ലുവിളികൾ നേരിടാൻ പദ്ധതികൾ ആവിഷ്ക്കരിക്കാതെയും ബി.എസ്.എൻ.എൽ. സംസ്ഥാനത്തെ ഉപഭോക്താക്കളെ വഞ്ചിക്കുന്നതായ പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ബി.എസ്.എൻ.എൽ. ഇത്തരത്തിൽ പിറകോട്ടു പോകുന്നതിനെതിരെ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധക്ഷണിക്കാൻ സർക്കാർ തയ്യാറാകുമോ ;

(സി) ബി.എസ്.എൻ.എല്ലിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച സംസ്ഥാനത്തെ ഉപഭോക്താക്കളുടെ പൊതുവായ പരാതികൾ എന്തൊക്കെയാണെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

ജവാന്റെ ആശ്രിതനുള്ള സ്ഥലംമാറ്റ മുൻഗണന

5975 ശ്രീ.എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ സ്ഥലംമാറ്റ മാനദണ്ഡത്തിൽ ജവാന്മാരുടെ ആശ്രിതർ എന്ന നിർവ്വചനത്തിൽ ആരെല്ലാമാണ് ഉൾപ്പെടുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത നിർവ്വചനത്തിൽ ഒരു സർക്കാർ ജീവനക്കാരന് സർവ്വീസിൽ എത്ര തവണ പ്രസ്തുത പ്രയോജനം അനുഭവിക്കാമെന്ന് വ്യക്തമാക്കുമോ ;

(സി) സ്ഥലംമാറ്റ മാനദണ്ഡത്തിൽ ജവാന്റെ ആശ്രിതനുള്ള മുൻഗണനകൾ എന്തൊക്കെയാണ് ;

(ഡി) പ്രസ്തുത മുൻഗണനകൾ ഉൾക്കൊള്ളുന്ന ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 28.10.2011-ലെ മറുപടിക്ക്

എക്സ് - സര്‍വ്വീസ്കാര്‍ക്ക് ഭൂമി പതിച്ചുനല്‍കുന്നതിന് നടപടി

5976 ശ്രീ. സി. മമ്മൂട്ടി
'' അബ്ദുറഹിമാന്‍ രണ്ടത്താണി
'' എന്‍. ഷംസുദ്ദീന്‍
'' സി. മോയിന്‍കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) എക്സ് സര്‍വ്വീസുകാര്‍ക്ക് ഭൂമി പതിച്ചു നല്കുന്നതിനുള്ള വ്യവസ്ഥയും മാനദണ്ഡങ്ങളും എന്താണെന്നുള്ള വിശദവിവരം നല്കുമോ ;

(ബി) ഒന്നും രണ്ടും ലോകമഹായുദ്ധങ്ങളില്‍ പങ്കെടുത്തവര്‍ക്ക് ഭൂമി പതിച്ചു നല്കുന്നതിന് വേണ്ടി രൂപികരിച്ച വ്യവസ്ഥകള്‍ക്ക് ഇപ്പോഴും പ്രാബല്യമുണ്ടോ ;

(സി) കഴിഞ്ഞ അഞ്ചു വര്‍ഷക്കാലത്തിനുള്ളില്‍ പ്രസ്തുത വ്യവസ്ഥ പ്രകാരം ഭൂമി പതിച്ചു കിട്ടുന്നതിനുള്ള അപേക്ഷകളേതെങ്കിലും ലഭിച്ചിട്ടുണ്ടോ ; എങ്കില്‍ എത്ര പേര്‍ക്ക് ഭൂമി പതിച്ചു നല്കി ; വിശദവിവരം നല്കുമോ ;

(ഡി) ഇത്തരം അപേക്ഷകളില്‍ നടപടി സ്വീകരിക്കേണ്ടത് ഏതു തലത്തിലാണെന്നും, രാജ്യ സൈനിക ബോര്‍ഡിന്റെ ശുപാര്‍ശ ഇക്കാര്യത്തില്‍ ആവശ്യമുണ്ടോ എന്നും എങ്കില്‍ എല്ലാ അപേക്ഷകളിലും ശുപാര്‍ശ നല്കിയിരുന്നോ എന്നും വ്യക്തമാക്കുമോ ;

(ഇ) ഇത്തരത്തില്‍ പതിച്ചു നല്കുന്ന ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള നിയന്ത്രിത വ്യവസ്ഥ എന്താണെന്നും ഏതെങ്കിലും കേസില്‍ വ്യവസ്ഥ ഇളവു ചെയ്തിരുന്നോ എന്നും വിശദമാക്കുമോ ?

# കേരള നിയമസഭ

# 28.10.2011-ലെ മറുപടിക്ക്

<u>സായുധസേനാ ഫ്ളാഗ്ഡേ ഫണ്ട് ശേഖരണ നടപടി</u>

5977 ശ്രീ.അബ്ദുറഹിമാന്‍ രണ്ടത്താണി
,, എന്‍. ഷംസുദ്ദീന്‍
,, സി. മോയിന്‍കുട്ടി
,, സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സായുധസേനാ ഫ്ളാഗ്ഡേ ഫണ്ട് ശേഖരണ നടപടികളുടെ വിശദവിവരം നല്കാമോ ;

(ബി) 2010-ലെ ഫ്ളാഗ്ഡേയോടനുബന്ധിച്ച് ശേഖരിച്ച ഫണ്ടിന്റെ വിശദവിവരം ലഭ്യമാക്കാമോ ;

(സി) 2011-ലെ ഫ്ളാഗ്ഡേ ഫണ്ട് ശേഖരണത്തിനുള്ള നടപടികളുടെ പുരോഗതി വിശദമാക്കാമോ ; പരിപാടി വിജയപ്രദമാക്കാന്‍ കൂടുതല്‍ നടപടികള്‍ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഫ്ളാഗ്ഡേ ഫണ്ടിന്റെ വിനിയോഗക്രമം എന്താണെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഫ്ളാഗ്ഡേ ഫണ്ടില്‍ നിന്നും സ്റ്റേറ്റ്/ഡിസ്ട്രിക്ട് മിലിറ്ററി ബനവലന്റ് ഫണ്ടിലേക്ക് വിഹിതം നല്കാറുണ്ടോ ; എങ്കില്‍ അത് സംബന്ധിച്ച വിശദവിവരം നല്കാമോ ;

(എഫ്) ബനവലന്റ് ഫണ്ടിന്റെ വിനിയോഗക്രമവും, 31.3.2011-ലെ കണക്കുപ്രകാരം എന്ത് തുക നീക്കിയിരിപ്പുണ്ടെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

ദുരിതാശ്വാസ നിധി

5978 ശ്രീ. കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും എത്ര രൂപയുടെ സാമ്പത്തിക സഹായം അനുവദിക്കുകയുണ്ടായി ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) മണ്ഡലം തിരിച്ച് കണക്കുകൾ സൂക്ഷിക്കാറുണ്ടോ ; ഇല്ലെങ്കിൽ ഭാവിയിൽ മണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) സാമ്പത്തിക സഹായം അനുവദിക്കുന്ന സമയത്ത് തന്നെ അപേക്ഷകനെ ആ വിവരം അറിയിക്കാറുണ്ടോ ; ഇല്ലെങ്കിൽ സഹായം അനുവദിച്ച കാര്യം അറിയിക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
# 28.10.2011-ലെ മറുപടിക്ക്

**ദുരിതാശ്വാസ നിധിയിൽ നിന്നും വിവിധ ധനസഹായങ്ങൾക്കായി നടപടി**

5979

ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റെടുത്ത ശേഷം ഇന്നേവരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വിവിധ ധനസഹായങ്ങൾക്കായി എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് നിയോജക മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര പേർക്ക് ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്; എത്ര അപേക്ഷകൾ റിപ്പോർട്ടിനായി താഴേക്ക് അയച്ചിട്ടുണ്ട്;

(സി) എത്ര അപേക്ഷകൾ നിരസിച്ചിട്ടുണ്ട്;

(ഡി) എത്ര അപേക്ഷകൾ നടപടികൾ പൂർത്തീകരിക്കാനായി അവശേഷിക്കുന്നുണ്ട് എന്ന് നിയോജക മണ്ഡല അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>ധനസഹായം ലഭ്യമാക്കാൻ നടപടി</u>

5980 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യ മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാമ്പുകടിയേറ്റും ഇടിമിന്നലേറ്റും മരിക്കുന്നവരുടെ കുടുംബങ്ങൾക്ക് സർക്കാർ ഇപ്പോൾ എത്ര രൂപയാണ് ധനസഹായം പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്താകെ എത്ര പേർ പാമ്പുകടിയേറ്റും ഇടിമിന്നലേറ്റും മരണപ്പെട്ടിട്ടുണ്ടെന്ന വിവരം വെളിപ്പെടുത്താമോ;

(സി) മരണപ്പെട്ടവർ ആരൊക്കെയെന്നും, ഇവരിൽ ആർക്കൊക്കെ സർക്കാർ പ്രഖ്യാപിച്ച ധനസഹായം ലഭ്യമായിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

ദേശീയ സമ്പാദ്യസമാശ്വാസ പദ്ധതി

5981 ശ്രീ. ജോസഫ് വാഴക്കൻ
,, ഹൈബി ഈഡൻ
,, വി. പി. സജീന്ദ്രൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എല്ലാ മത്സ്യത്തൊഴിലാളികളെയും ദേശീയ സമ്പാദ്യ സമാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനമായിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം മത്സ്യതൊഴിലാളികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുന്നത്;

(സി) ഇതിനായി കേന്ദ്രത്തിന്റെ അനുമതി ആവശ്യമുണ്ടോ ; എങ്കിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>ദേശീയ ഫിഷറീസ് ഡവലപ്മെന്റ് ബോർഡ്</u>

5982 ശ്രീ. കെ. മുരളീധരൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, റ്റി. എൻ. പ്രതാപൻ
,, കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ ഫിഷറീസ് ഡവലപ്മെന്റ് ബോർഡിന്റെ സഹായത്തോടെ എന്തെല്ലാം കാര്യങ്ങളാണ് നടപ്പാക്കിവരുന്നത്;

(ബി) പുതിയ ആധുനിക മത്സ്യ മാർക്കറ്റുകൾ സ്ഥാപിക്കുന്നതിന് തീരുമാനമായിട്ടുണ്ടോ; വിശദമാക്കുമോ;

(സി) എത്ര മത്സ്യമാർക്കറ്റുകളാണ് പുതുതായി സ്ഥാപിക്കാനുദ്ദേശിക്കുന്നത്;

(ഡി) ഇങ്ങനെ സ്ഥാപിക്കുന്ന മത്സ്യമാർക്കറ്റുകളിൽ മാലിന്യ സംസ്ക്കരണത്തിനുള്ള നടപടികൾ കൂടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ

5983 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ സർക്കാരിലേക്ക് ശുപാർശ ചെയ്ത ലിസ്റ്റിൽ ഉൾപ്പെട്ടവരും, സർക്കാരിൽ നിന്നും കടാശ്വാസ തുക ബാങ്കിൽ വരവു വെച്ചിട്ടുള്ളതുമായ പലരും ജാമ്യക്കാരുടെ സമ്മർദ്ദത്താലും അധിക ബാദ്ധ്യത ഭയന്നും പലിശയ്ക്ക് പണമെടുത്തും സ്വമേധയാ വായ്പ അടച്ചു തീർത്തവരാണെന്നും ആയതിനാൽ തന്നെ കഷ്ടപ്പാടും ദുരിതവും അനുഭവിച്ചുകൊണ്ടിരിക്കുന്നവരാണെന്നുമുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അടച്ചു തീർത്ത തുക തിരിച്ചു നൽകുവാൻ നടപടി സ്വീകരിക്കുമോ ;

(സി) ഇത്തരം നടപടി സ്വീകരിച്ചാൽ സർക്കാരിന് ഏതെങ്കിലും തരത്തിലുള്ള അധികബാദ്ധ്യതയുണ്ടാകുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>തീരദേശ വികസന ഫണ്ട്</u>

5984 ശ്രീ. കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ വലിയപറമ്പ് ദ്വീപ് പഞ്ചായത്തിൽ തീരദേശ വികസനഫണ്ട് ഉപയോഗിച്ച് മാവിലാക്കടപ്പുറം-വലിയപറമ്പ് റോഡ് ഗതാഗതയോഗ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>തീരദേശ ജാഗ്രതാ സമിതികൾ</u>

5985 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യത്തിന്
**മുഖമന്ത്രി**
സദയം മറുപടി നൽകുമോ:

തിരുവനന്തപുരം ജില്ലയിലെ തീരദേശ ജാഗ്രതാ സമിതികളിലെ അംഗങ്ങൾ ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളിക്ക് അപകടമരണ ധനസഹായം</u>

5986 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ തിരൂർ കൂട്ടായിയിൽ കുറിയന്റെ പുരക്കൽ മുഹമ്മദ് മകൻ മുബാറക് എന്ന ആൾ മത്സ്യ ബന്ധനം നടത്തിക്കൊണ്ടിരിക്കുമ്പോൾ കടലിൽ തോണിമറിഞ്ഞ് മരണപ്പെട്ട സംഭവം സംബന്ധിച്ച് തഹസീൽദാറുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിരുന്നോ ;

(ബി) എങ്കിൽ എന്നാണ് തിരൂർ തഹസീൽദാർ മുഖേനയുള്ള റിപ്പോർട്ട് സർക്കാരിന് ലഭിച്ചത് എന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുടുംബത്തിന് എന്തെങ്കിലും സാമ്പത്തിക സഹായം നൽകിയിരുന്നോ ; എങ്കിൽ എത്ര രൂപയാണ് നൽകിയിരുന്നത് എന്ന് അറിയിക്കുമോ ;

(ഡി) ഇതേ കാലയളവിൽ കൂട്ടായിക്കടുത്ത് വെച്ച് സമാനമായ തൊഴിലിൽ ഏർപ്പെട്ടിട്ടുണ്ടായ അപകടത്തിൽ മരണമടഞ്ഞ പരപ്പനങ്ങാടി സ്വദേശികൾക്ക് രണ്ട് ലക്ഷം രൂപ സഹായം നൽകിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ പ്രസ്തുത കുടുംബത്തിനും രണ്ട് ലക്ഷം രൂപ നൽകുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>റെസ്ക്യൂ ബോട്ടുകൾ</u>

5987 ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം, ആലപ്പുഴ ജില്ലകളിൽ കടലിൽ രക്ഷാപ്രവർത്തനം നടത്താൻ മതിയായ എണ്ണം റെസ്ക്യു ബോട്ടുകൾ ഇല്ലാത്തകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ജില്ലകളിൽ എത്ര വീതം റസ്ക്യു ബോട്ടുകൾ ഇപ്പോൾ ഉണ്ട്;

(സി) പ്രസ്തുത സ്ഥലങ്ങളിൽ വിദഗ്ദ്ധ പരിശീലനം ലഭിച്ച രക്ഷാപ്രവർത്തകർ ഒട്ടേറെ ഉള്ളകാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) എന്നിട്ടും കടലിൽ അപകടം സംഭവിക്കുമ്പോൾ രക്ഷാപ്രവർത്തനം നടത്താൻ റെസ്ക്യു ബോട്ടുകൾ ഇല്ലാത്തതുകാരണം നേരിടുന്ന പ്രയാസങ്ങൾ പരിശോധിക്കുമോ;

(ഇ) എങ്കിൽ പ്രസ്തുത ജില്ലകളിലുൾപ്പെടെ എല്ലാ തീരപ്രദേശത്തും റെസ്ക്യു ബോട്ടുകൾ യഥേഷ്ടം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ ?

# കേരള നിയമസഭ
# 28.10.2011-ലെ മറുപടിക്ക്

<u>ഇൻലാന്റ് ഫിഷറീസ് ആക്ട് ചട്ടങ്ങൾ</u>

5988 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇൻലാന്റ് ഫിഷറീസ് ആക്ടിന്റെ ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ; ആയതിന്റെ കോപ്പി ലഭ്യമാക്കാമോ;

(ബി) എങ്കിൽ ചട്ടങ്ങൾ എപ്പോൾ രൂപീകരിച്ച് പ്രാബല്യത്തിൽ വരുമെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

ഇൻലാന്റ് ഫിഷറീസ് ആക്ട്

5989 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇൻലാന്റ് ഫിഷറീസ് ആക്ടിൽ പറയുന്ന സീഡ് സർട്ടിഫിക്കേഷൻ കമ്മിറ്റി രൂപീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കർഷകരുടെ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി സീഡ് സർട്ടിഫിക്കേഷൻ കമ്മിറ്റി രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 28.10.2011-ലെ മറുപടിക്ക്

<u>അക്വാകള്‍ച്ചര്‍ നയം</u>

5990 ശ്രീ.സി. കൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരളത്തില്‍ നിലവില്‍ അക്വാകള്‍ച്ചര്‍ നയം ഉണ്ടോ ;

(ബി) എങ്കില്‍ഉല്‍പാദന വര്‍ദ്ധനവിനെയും ഭക്ഷ്യസുരക്ഷയെയും കയറ്റുമതിയെയും ലക്ഷ്യം വച്ച് കൊണ്ടുള്ള ഒരു അക്വാകള്‍ച്ചര്‍ നയം പ്രഖ്യാപിക്കാന്‍ നടപടി സ്വീകരിയ്ക്കുമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>ചെമ്മീൻ വിത്തുൽപ്പാദനകേന്ദ്രങ്ങൾ</u>

5991 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ചെമ്മീൻ വിത്തുൽപാദന കേന്ദ്രങ്ങളിൽ നിന്നും രോഗബാധിതരായ ചെമ്മീൻ വിത്തുകൾ വിതരണം ചെയ്യുന്നത് സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 28.10.2011-ലെ മറുപടിക്ക്

<u>കോസ്റ്റൽ ഏരിയ ഡവലപ്മെന്റ് കോർപ്പറേഷൻ</u>

5992

ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡവലപ്മെന്റ് കോർപ്പറേഷൻ - ന്റെ ഇപ്പോഴത്തെ പ്രവർത്തനം എന്തൊക്കെയാണ്; തന്നാണ്ടിലെ ലക്ഷ്യം വിശദമാക്കുമോ; പ്രവർത്തനത്തിനാവശ്യമായ ഫണ്ട് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഈ സ്ഥാപനത്തിന്റെ പ്രവർത്തനത്തിനാവശ്യമായ ഭരണ സംവിധാനം എന്താണ്; ഈ സ്ഥാപനത്തിന്റെ പ്രവർത്തനം വിപുലപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
# 28.10.2011-ലെ മറുപടിക്ക്

<u>കവ്വായി കായലിലെ മത്സ്യബന്ധനത്തിന് ഭീഷണി</u>

5993 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

കവ്വായി കായലിലെ വ്യാപകവും അപൂർവ്വവുമായ മത്സ്യസമ്പത്തിന് തന്നെ ഭീഷണിയാവുന്ന തരത്തിൽ വ്യാപകമായ പൂഴിവാരൽ നിയന്ത്രിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

പുതിയങ്ങാടി ഫിഷ് ലാന്റിംഗ് സെന്റർ റോഡിന്റെ നിർവ്വഹണ പുരോഗതി

5994 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ ചൂട്ടാട് ബസ് ടെർമിനൽ - പുതിയങ്ങാടി ഫിഷ് ലാന്റിംഗ് സെന്റർ റോഡിന്റെ ഇപ്പോഴത്തെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ:

(ബി) ഇതിന്റെ പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 28.10.2011-ലെ മറുപടിക്ക്

<u>കല്ല്യാശ്ശേരി മണ്ഡലത്തിലെ ഫിഷറീസ് റോഡുകൾ</u>

5995 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് പുതുതായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന റോഡുകൾ ഏതൊക്കെയാണ്; വിശദാംശം നൽകാമോ;

(ബി) ഫിഷറീസ് വകുപ്പ് ഏറ്റെടുത്ത ഏതൊക്കെ റോഡുകളാണ് പുനർനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ

## 28.10.2011-ലെ മറുപടിക്ക്

<u>പബ്ലിക് സർവ്വീസ് കമ്മിഷന്റെ ശുപാർശ</u>

5996 ശ്രീ. പി. ബി. അബ്ദുൾ റസാക്
,, മഞ്ഞളാംകുഴി അലി
,, എൻ. എ. നെല്ലിക്കുന്ന്
,, കെ.മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മിഷന്റെ ശുപാർശ പ്രകാരം ചില തസ്തികകളിലേക്കുള്ള നിയമന യോഗ്യത പരിഷ്ക്കരിച്ചുകൊണ്ട് 1-7-2011-ൽ പുറത്തിറക്കിയ ഉത്തരവിലെ അപാകതകൾ ചൂണ്ടിക്കാട്ടി പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) ഇതു സംബന്ധിച്ച ശുപാർശ പി.എസ്.സി യിൽ നിന്നും ലഭിച്ചതെന്നാണെന്നും, ഇക്കാര്യത്തിൽ മുൻസർക്കാരിന്റെ കാലത്ത് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ ; ഈ സർക്കാർ അധികാരത്തിൽ വന്നഉടൻ ഇത്തരമൊരു ഉത്തരവ് പുറപ്പെടുവിക്കാൻ ഇടയായ സാഹചര്യം പരിശോധിക്കുമോ ;

(ഡി) പ്രസ്തുത ഉത്തരവ് ബാധകമാക്കിയ തസ്തികകളിലേക്ക് ക്ഷണിച്ച ലക്ഷക്കണക്കിന് അപേക്ഷകൾ പി.എസ്.സി യിൽ തീർപ്പാകാതെ ശേഷിക്കുമ്പോഴാണ് വിവിധ തസ്തികകളെ ഉൾപ്പെടുത്തി ഇത്തരമൊരു ഉത്തരവ് ഉണ്ടായതെന്നകാര്യം പരിഗണിക്കുമോ ;

(ഇ) പ്രസ്തുത ഉത്തരവ് സംബന്ധിച്ച പരാതികൾ വ്യാപകമാണെന്നും, അംഗീകൃത മാനദണ്ഡങ്ങൾക്ക് വിരുദ്ധമായ ചില വ്യവസ്ഥകൾ പ്രസ്തുത ഉത്തരവിൽ ഉണ്ടെന്നതും പരിഗണിച്ച് അതിന്റെ നടപ്പാക്കൽ തൽക്കാലത്തേക്ക് നിർത്തിവക്കുമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

പി.എസ്.സി. വഴി നടക്കുന്ന നിയമനങ്ങൾ
ഓഡിറ്റ് ചെയ്യാൻ നടപടി

5997 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. മുഖേന നടക്കുന്ന നിയമനങ്ങൾ ഓഡിറ്റ് ചെയ്യാൻ എടുത്ത തീരുമാനങ്ങളിൽ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു വഴിയും പൊതുമേഖലാ സ്ഥാപനങ്ങളിലും സർക്കാർ നിയന്ത്രണത്തിലുള്ള സ്വയംഭരണ സ്ഥാപനങ്ങളിലും നടക്കുന്ന നിയമനങ്ങളും ഓഡിറ്റ് ചെയ്യാൻ സർക്കാർ തയ്യാറാകുമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>മലപ്പുറം പി.എസ്.സി. റാങ്ക് ലിസ്റ്റ്</u>

5998 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മലപ്പുറം ജില്ലയിൽ വിവിധ തസ്തികകളിലായി പി.എസ്.സി. മുഖേന എത്ര പേർക്ക് അഡ്വൈസ് നൽകി എന്നും എത്ര പേർ ജോലിയിൽ പ്രവേശിച്ചു എന്നും തസ്തിക തിരിച്ച് എണ്ണം വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള റാങ്ക് ലിസ്റ്റുകളിൽ ഇനി ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) റിപ്പോർട്ട് ചെയ്ത ഒഴിവുകൾ എത്രയെന്ന് ഓരോ തസ്തിക തിരിച്ച് വ്യക്തമാക്കാമോ;

(ഡി) ഒഴിവുകളിലേയ്ക്ക് എത്രയും വേഗം നിയമനം നടത്താൻ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

പി. എസ്. സി. ജീവനക്കാരുടെ പ്രശ്നങ്ങൾ

5999 ശ്രീ. പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളാ പബ്ലിക് സർവ്വീസ് കമ്മീഷനെതിരെ എത്ര ജീവനക്കാർ വിവിധ കോടതികളിൽ അവരുടെ ന്യായമായതും നിയമവിധേയവുമായ വിഷയങ്ങളിൽ കേസ്സുകൾ ഫയൽ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പുതിയ പി. എസ്. സി. ചെയർമാൻ ജീവനക്കാർക്കെതിരെ സ്വീകരിച്ചിട്ടുള്ള നിയമവിരുദ്ധമായ നടപടികൾ പിൻവലിക്കുന്നതിനും വിവിധ തസ്തികകളിൽ യോഗ്യതകൾ ഉയർത്തി പാവപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നത് ഉൾപ്പെടെയുള്ള തീരുമാനങ്ങൾ പുനഃപരിശോധിക്കുന്നതിനും നടപടികൾ ഉണ്ടാകുമോ ;

(സി) ലീൻ നിലനിൽക്കുന്നവരെ മറ്റ് വകുപ്പിൽ തിരിച്ചെടുക്കുമ്പോൾ പി. എസ്. സി. മാത്രം തിരിച്ചെടുക്കാതിരിക്കുക സെക്രട്ടേറിയറ്റിലും ലോക്കൽ ഫണ്ടിലും പോയവരെ തിരികെ. പി. എസ്. സി. യിലേക്ക് വരാൻ അനുവദിക്കാതിരിക്കുക തുടങ്ങിയ നിയമവിരുദ്ധ നടപടികൾ തിരുത്തുവാൻ നടപടികൾ ഉണ്ടാകുമോ ;

(ഡി) പി. എസ്. സി. ജീവനക്കാർക്കും കെ. എസ്. ആർ. ഉം കെ. എസ്. എസ്. ആർ. ഉം ബാധകമായിരിക്കെ ഇതിന് വിരുദ്ധമായി പി. എസ്. സി. സ്വന്തം നിലയിൽ പുതിയ നിയമങ്ങൾ അടിച്ചേൽപ്പിച്ച് ജീവനക്കാരെ ബുദ്ധിമുട്ടിക്കുന്നത് അവസാനിപ്പിക്കുവാൻ നടപടി ഉണ്ടാകുമോ ;

(ഇ) പി. എസ്. സി. യിലെ ട്രാൻസ്ഫർ ആന്റ് പോസ്റ്റിംഗിലും, പ്രൊമോഷൻ ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങളിൽ ജീവനക്കാർക്കുള്ള പരാതികൾ പരിഹരിക്കുവാൻ ചെയർമാന്റെ നേതൃത്വത്തിൽ പ്രത്യേക അദാലത്ത് നടത്തുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>സൂപ്പർ ന്യൂമററി തസ്തികകൾ</u>

6000 ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൽ. ഡി. ക്ലാർക്ക് എൻട്രി കേഡർ തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് പി. എസ്. സി.ക്ക് റിപ്പോർട്ട് ചെയ്ത വകുപ്പുകൾ ഏതെല്ലാം; റിപ്പോർട്ട് ചെയ്യാത്ത വകുപ്പുകൾ ഏതെല്ലാം;

(ബി) റിപ്പോർട്ട് ചെയ്യാത്ത വകുപ്പുകൾക്കെതിരെ എന്തു നടപടികൾ സ്വീകരിച്ചു;

(സി) (1) എൽ. ഡി. ക്ലാർക്ക്/വില്ലേജ്/അസിസ്റ്റന്റ് ജൂനിയർ അക്കൗണ്ടന്റ്.

(2) യു. ഡി. ക്ലാർക്ക്/സ്പെഷ്യൽ വില്ലേജാഫീസർ/സീനിയർ അക്കൗണ്ടന്റ്.

(3) ഹെഡ്ക്ലാർക്ക്/വില്ലേജ് ഓഫീസർ/റവന്യൂ ഇൻസ്പെക്ടർ.

(4) ജൂനിയർ സൂപ്രണ്ട്/ഡെപ്യൂട്ടി തഹസിൽദാർ.

(5) സീനിയർ സൂപ്രണ്ട്/തഹസിൽദാർ/ലേ സെക്രട്ടറി

(6) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്/ അക്കൗണ്ട്സ് ഓഫീസർ/ ഡെപ്യൂട്ടി കളക്ടർ

എന്നീ തസ്തികകളിൽ 2012 മാർച്ച് 31 ന് വിരമിക്കുന്ന ജീവനക്കാരുടെ തസ്തികകളുടെ ഇനം തിരിച്ചുള്ള എണ്ണം വ്യക്തമാക്കാമോ;

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

(ഡി) മേൽപ്പറഞ്ഞ തസ്തികകളിൽ എൻട്രി കേഡറിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് പി.എസ്.സി.യിലേക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം എത്ര?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തിക</u>

6001 ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിൽ തിരുവനന്തപുരം ജില്ലയിലെ ഓഫീസുകളിൽ എത്ര കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകൾ ഒഴിവുള്ളതായി കണക്കാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവ മുഴുവൻ പി.എസ്.സി. ക്കു റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽ നിന്നും എത്ര പേരെ ഒഴിവുള്ള തസ്തികകളിലേയ്ക്കു നിയമിച്ചു;

(ഡി) എത്ര ഒഴിവുകൾ പി.എസ്.സി. ക്ക് ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ഇ) പി.എസ്.സി. ലിസ്റ്റിന്റെ കാലാവധി തീരുന്നതിനു മുമ്പ് ഒഴിവുള്ള മുഴുവൻ സി.എ. തസ്തികകളിലേയ്ക്കും നിയമനം നടത്തുവാൻ ഇതിനകം എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

പി.എസ്.സി നിയമന സൂക്ഷ്മപരിശോധന

6002 ശ്രീ. വി.റ്റി. ബൽറാം
'' പി.സി വിഷ്ണുനാഥ്
'' എം.എ. വാഹീദ്
'' പി.എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി നിയമന സൂക്ഷ്മപരിശോധനക്കായി എന്തെല്ലാം കർമ്മപരിപാടികളാണ് ആരംഭിക്കാനുദ്ദേശിക്കുന്നത്;

(ബി) ഇതിനായി എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട് ; സമയബന്ധിതമായി ഇവ പൂർത്തിയാക്കുമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>അടിസ്ഥാന യോഗ്യത പുതുക്കുന്നത് സംബന്ധിച്ച്</u>

6003 ശ്രീ. ഹൈബി ഈഡൻ
,, എം.എ. വാഹീദ്
,, ലൂഡി ലൂയിസ്
,, പി.സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവീസ് കമ്മീഷൻ ഏതൊക്കെ തസ്തികകൾക്കുള്ള അടിസ്ഥാന യോഗ്യതയാണ് പുതുക്കി നിശ്ചയിച്ചിട്ടുള്ളത്;

(ബി) ചില തസ്തികകൾക്കുള്ള യോഗ്യതകൾ പുതുക്കി നിശ്ചയിച്ചുകഴിഞ്ഞാൽ അതിനുശേഷം ആ തസ്തികയിൽ ഉണ്ടായേക്കാവുന്ന ഒഴിവുകളിലേക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്തേണ്ടതില്ല എന്ന് വ്യക്തമാക്കുന്ന കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിലവിൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾക്കുവേണ്ടി 1.7.2011 ലെ യോഗ്യതാമാറ്റം സംബന്ധിച്ച ഉത്തരവിൽ മാറ്റം വരുത്താൻ ഉദ്ദേശ്യമുണ്ടോ;

(ഡി) യോഗ്യതാ മാറ്റം സംബന്ധിച്ചുള്ള വിശദവിവരം ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>ഡിപ്പാർട്ട്മെന്റൽ ടെസ്റ്റുകൾക്ക് ആവശ്യമായ പുസ്തകങ്ങൾ ലഭിക്കുന്നില്ല എന്ന പരാതി</u>

6004 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

ഡിപ്പാർട്ട്മെന്റൽ ടെസ്റ്റുകൾക്ക് ആവശ്യമായ പുസ്തങ്ങളുടെ അഭാവം നേരിടുന്ന പക്ഷം ഇവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഉപയോഗിച്ച് പരീക്ഷയിൽ പങ്കെടുക്കാൻ ജീവനക്കാരെ അനുവദിക്കുമോ; ഇതുമായി ബന്ധപ്പെട്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് അടിയന്തിര നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>മലയാളത്തിൽ ഉത്തരമെഴുതൽ തടഞ്ഞ നടപടി</u>

6005 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പൊതു വിഷയങ്ങൾക്ക് മലയാളത്തിൽ ഉത്തരമെഴുതുന്നത് തടഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സബ് ഇൻസ്പെക്ടർ എക്സിക്യൂട്ടീവ് മെയിൻ പരീക്ഷയിൽ ഒന്നാംഭാഗം (പൊതുവിഷയങ്ങൾ) ഇംഗ്ലീഷിൽ തന്നെ ഉത്തരമെഴുതണമെന്ന പി.എസ്.സി. നിബന്ധന തിരുത്താൻ നിർദ്ദേശിക്കുമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>എൽ.ഡി. ക്ലാർക്ക് - അടിസ്ഥാന യോഗ്യത</u>

6006 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൽ.ഡി. ക്ലർക്ക് പരീക്ഷയ്ക്ക് അപേക്ഷിക്കുവാനുള്ള അടിസ്ഥാന യോഗ്യത പ്ലസ്ടുവാക്കി ഉയർത്തിക്കൊണ്ടുള്ള തീരുമാനം നടപ്പിലാക്കുന്നത് ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് എസ്.എസ്.എൽ.സി. പാസായ സാധാരണ തൊഴിൽരഹിതരുടെ ജോലി സാധ്യത ഇല്ലാതാക്കുന്നു എന്നുള്ള പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയുടെ യോഗ്യത ബിരുദത്തിന് ആർട്ട്സ് വിഷയങ്ങൾക്ക് 45% ഉം സയൻസ് വിഷയങ്ങൾക്ക് 50% ഉം കമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ ഡിപ്ലോമയുമായി പുതുക്കി നിശ്ചയിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>പി.എസ്.സി. ഓഫീസ് കാന്റീൻ പ്രവർത്തനം</u>

6007 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടത്തെ പി.എസ്.സി. ആസ്ഥാന ഓഫീസിനോട് അനുബന്ധിച്ചുള്ള കാന്റീൻ നടത്തുന്നത് സൊസൈറ്റിയാണോ;

(ബി) എങ്കിൽ സൊസൈറ്റി അംഗങ്ങളായ ചില ജീവനക്കാർ ഓഫീസ് ജോലിയേക്കാൾ പ്രാധാന്യം കാന്റീൻ നടത്തിപ്പിന് നൽകുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത്തരം ജീവനക്കാർ പലപ്പോഴും സീറ്റിൽ നിന്ന് വിട്ടു നിൽക്കുന്നത് കാരണം സന്ദർശകർ അടക്കമുള്ളവർ അനുഭവിക്കുന്ന പ്രയാസവും ഫയലുകൾ നീങ്ങുന്നതിനുണ്ടാകുന്ന താമസവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് പരിശോധിക്കുമോ; ആവശ്യമായ നിർദ്ദേശങ്ങൾ ഇക്കാര്യത്തിൽ പി.എസ്.സി. ക്ക് നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>പാർട്ട്ടൈം തസ്തിക -ഒഴിവുകൾ സംബന്ധിച്ച്</u>

6008 ശ്രീ. ജെയിംസ് മാത്യു
,, കോലിയക്കോട് എൻ. കൃഷ്ണൻനായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ വിവിധ സർക്കാർ ഓഫീസുകളിൽ (സെക്രട്ടേറിയറ്റുൾപ്പെടെ) നിലവിലുള്ള പാർട്ട്ടൈം തസ്തികകൾ ഏതെല്ലാമാണ്; ഓരോ തസ്തികയിലും എത്ര ഒഴിവുകൾ ഉണ്ട്; സ്ഥാപനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ട് ചെയ്തത് എന്നാണ്; ഫയൽ നമ്പർ സഹിതം വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ റിപ്പോർട്ട് ചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>മലപ്പുറത്തെ സ്റ്റാഫ് നേഴ്സുമാരുടെ ഒഴിവുകൾ</u>

6009 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ സ്റ്റാഫ് നേഴ്സുമാരുടെ എത്ര ഒഴിവുകളാണ് പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) റിപ്പോർട്ട് ചെയ്ത മുഴുവൻ ഒഴിവുകളിലേക്കും പി.എസ്.സി അഡ്വൈസ് മെമ്മൊ അയച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ ;

(ഡി) റിപ്പോർട്ട് ചെയ്ത മുഴുവൻ തസ്തികകളിലേക്കും എന്ന് നിയമനം നടത്താനാവുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 28.10.2011-ലെ മറുപടിക്ക്

<u>കൊല്ലം ജില്ലയിലെ സൂപ്പർ ന്യൂമററി തസ്തികകൾ</u>

6010 ശ്രീമതി. പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 31.03.2012-ലെ ജീവനക്കാരുടെ വിരമിക്കലിന്റെ ഭാഗമായി കൊല്ലം ജില്ലയിൽ എത്ര എൽ.ഡി. ക്ലാർക്കുമാരുടെ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കേണ്ടതുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അപ്രകാരം എത്ര എൽ.ഡി. ക്ലാർക്ക് തസ്തികകൾ ജില്ലയിൽ സൃഷ്ടിച്ചിട്ടുണ്ട്; വകുപ്പ് തിരിച്ച് വിവരം ലഭ്യമാക്കുമോ;

(സി) സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കുന്നതിനായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ അത് പാലിക്കാത്ത കൊല്ലം ജില്ലയിലെ വിവിധ വകുപ്പ് തലവൻമാർക്കെതിരെ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>ഡ്രൈവര്‍ തസ്തിക സൃഷ്ടിക്കാന്‍ നടപടി</u>

6011 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ ഉടമസ്ഥതയില്‍ വരുന്ന പുതിയ വാഹനങ്ങളില്‍ ഡ്രൈവര്‍ തസ്തിക അനുവദിക്കാത്തതുമൂലം പി.എസ്.സി.റാങ്ക് ലിസ്റ്റുകള്‍ കാലാവധി കഴിഞ്ഞ് ഉദ്യോഗാര്‍ത്ഥികള്‍ക്ക് നിയമനം ലഭിക്കാതെ പോകുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) ജി.ഒ.എം.എസ് നം.42/88 പി.ആന്റ്.എ.ആര്‍.ഡി തീയതി 8.8.1998 പ്രകാരം ഒരു വാഹനം അനുവദിക്കുമ്പോള്‍ ഒരു ഡ്രൈവര്‍ തസ്തികകൂടി അനുവദിക്കണമെന്ന നിയമം നിലവിലുള്ളപ്പോള്‍ പുതിയ വാഹനങ്ങള്‍ അനുവദിക്കുകയും തസ്തിക സൃഷ്ടിക്കാതിരിക്കുകയും ചെയ്യുന്നതിനെതിരെ എന്ത് നടപടികളാണ് സ്വീകരിക്കുവാന്‍ പോകുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 28.10.2011-ലെ മറുപടിക്ക്

ഡ്രൈവർ തസ്തിക

6012 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ വിവിധ വകുപ്പുകളിൽ പുതുതായി വാഹനം വാങ്ങിക്കുമ്പോൾ പുതുതായി ഡ്രൈവർ തസ്തികയും അനുവദിക്കണമെന്ന് സർക്കാർ ഉത്തരവ് നിലവിലുണ്ടോ ; ഉണ്ടെങ്കിൽ സർക്കാർ വാഹനങ്ങളുടെ എണ്ണത്തിന് ആനുപാതികമായി ഡ്രൈവർമാരെ നിയമിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാന സർക്കാരിന്റെ കീഴിൽ ഉപയോഗയോഗ്യമായ വാഹനങ്ങളിൽ കോൺട്രാക്റ്റ്, കരാർ നിയമനങ്ങളിൽ എത്രപേർ ഡ്രൈവർ തസ്തികയിൽ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ജില്ലാ തലത്തിൽ ഓരോ വകുപ്പിലും ഡ്രൈവർ തസ്തിക എത്രയെന്നും, ഇതിൽ സ്ഥിരം ഡ്രൈവർമാർ എത്ര പേരെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>സബ് ഇൻസ്പെക്ടർ പരീക്ഷാ മാദ്ധ്യമം</u>

6013 ശ്രീ. എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ വർഷം നവംബറിൽ പി.എസ്.സി. നടത്താനിരുന്ന സബ് ഇൻസ്പെക്ടർ പരീക്ഷയുടെ പേപ്പർ 1 ഉത്തരം ഇംഗ്ളീഷിൽ എഴുതണം എന്ന ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പി.എസ്.സി.യുടെ ഉയർന്ന പരീക്ഷയായ ഡെപ്യൂട്ടി കളക്ടർ പരീക്ഷപോലും പേപ്പർ 1 പ്രാദേശിക ഭാഷയിൽ ഉത്തരം എഴുതാൻ അനുവദിക്കുമ്പോൾ സബ്-ഇൻസ്പെക്ടർ പരീക്ഷയിൽ പേപ്പർ 1 മലയാളം ഒഴിവാക്കുന്നത് ഏത് മാനദണ്ഡം അനുസരിച്ചാണ് ;

(സി) പ്രസ്തുത വിഷയത്തിൽ എന്ത് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
# 28.10.2011-ലെ മറുപടിക്ക്

മലപ്പുറം ജില്ലയിലെ പ്രോസസ്സ് സെർവർമാരുടെ ഒഴിവുകൾ

6014

ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജുഡീഷ്യറി വകുപ്പിൽ കണ്ണൂർ, മലപ്പുറം ജില്ലയിലെ പ്രോസസ്സ് സെർവർമാരുടെ എത്ര ഒഴിവുകൾ ഉണ്ടെന്നും ആയത് നികത്തുന്നതിലേയ്ക്ക് പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോയെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത പി.എസ്.സി. ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചുവെന്നും കാലതാമസം ഉണ്ടെങ്കിൽ അത് പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത ജില്ലകളിൽ ഇപ്പോഴുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വന്നിട്ടുള്ളതായി ഗവൺമെന്റിന് ബോദ്ധ്യമുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ സന്നദ്ധമാകുമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>പ്രോസസ് സെർവ്വർ തസ്തികയിൽ ഒഴിവ് നികത്തുന്നതിന് നടപടി</u>

6015 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ കണ്ണൂർ ജില്ലയിൽ കോടതി യിലേക്ക് തയ്യാറാക്കിയ പ്രോസസ് സെർവ്വർ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചിട്ടുണ്ട് ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) പ്രസ്തുത തസ്തികയിൽ ഇപ്പോൾ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>കോട്ടയം ജില്ലയിലെ ഉദ്യോഗാർത്ഥികളുടെ നിയമന നടപടി</u>

6016 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ 2009-ൽ നിലവിൽ വന്ന എൽ. ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റിൽ നിന്നും എത്രപേരെ നിയമിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) വികലാംഗരായ എത്ര ഉദ്യോഗാർത്ഥികളെ നിയമിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്; എത്ര എൻ. ജെ. ഡി. ഒഴിവുകൾ ഉണ്ട് എന്നുകൂടി വ്യക്തമാക്കുമോ;

(ഡി) വികലാംഗ കോട്ടയിൽ 18-ാം റാങ്ക് കാരന് നിയമനം കിട്ടുന്നതിന് സാധ്യതയുണ്ടോ;

(ഇ) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനിക്കുക; സൂപ്പർ ന്യൂമററി ഒഴിവുകൾ പി. എസ്. സി.ക്ക് റിപ്പോർട്ട് ചെയ്യാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>ജില്ലാടിസ്ഥാനത്തിലുള്ള പി.എസ്.സി. നിയമനം</u>

6017 ശ്രീ.കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജില്ലാടിസ്ഥാനത്തിലുള്ള നിയമനത്തിന് പി.എസ്.സി. അപേക്ഷ ക്ഷണിച്ചാൽ രണ്ട് ജില്ലകളിൽ അപേക്ഷിച്ചവരെ അയോഗ്യരാക്കുന്നതിന് വ്യവസ്ഥയുണ്ടോ ;

(ബി) പ്രസ്തുത വ്യവസ്ഥയിൽ ഇളവ് നൽകി ആർക്കെങ്കിലും നിയമനം നൽകിയിട്ടുണ്ടോ ; എങ്കിൽ ആർക്കൊക്കെ, ഏതെല്ലാം തസ്തികകളിൽ, ഏതെല്ലാം വകുപ്പുകളിൽ നിയമനം നൽകിയിട്ടുണ്ട് ;

(സി) പി.എസ്.സി.യുടെ പ്രസ്തുത വ്യവസ്ഥ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>പൊതുഭരണ വകുപ്പിലെ അസിസ്റ്റന്റ് നിയമനം</u>

6018 ശ്രീ.അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിൽ പി.എസ്.സി.വഴിയല്ലാതെ (ഉദ്യോഗക്കയറ്റം/തസ്തികമാറ്റം/ആശ്രിത നിയമനം/സ്പോർട്ട്സ് ക്വോട്ട/മുതലായവ) പൊതുഭരണവകുപ്പിൽ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള നിയമനം സംബന്ധിച്ചുള്ള ശതമാനകണക്കുകൾ വ്യക്തമാക്കാമോ ;

(ബി) പി.എസ്.സി.വഴിയല്ലാതെ പ്രസ്തുത തസ്തികയിൽ നിയമനം നടക്കുന്നതുമൂലം സംവരണ വിഭാഗക്കാർക്ക് അർഹമായ സംവരണം നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) 2010 ജനുവരി 1 മുതൽ 2010 ഡിസംബർ 31 വരെ പൊതുഭരണ വകുപ്പിൽ പി.എസ്.സി. വഴിയല്ലാതെ അസിസ്റ്റന്റ് തസ്തികയിലേക്ക് നിയമനം ലഭിച്ച എത്ര പേരുണ്ട് ; അവരുടെ പേരും സമുദായവും തിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>വികലാംഗ ഒഴിവിൽ നിയമനം</u>

6019 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിൽ ക്ലാസ് I, ക്ലാസ് II, തസ്തികകളിൽ വികലാംഗർക്കായി 3% ഒഴിവുകൾ സംവരണം ചെയ്തു കൊണ്ടുള്ള ഉത്തരവ് പ്രകാരം പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന നടപടി ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ വികലാംഗ സംവരണ പ്രകാരം നിയമനം നൽകിയിട്ടുണ്ടോ;

(സി) 2004 നു ശേഷം നാളിതുവരെ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ താഴെപ്പറയുന്ന വകുപ്പുകളിൽ എത്ര പേർക്കാണ് പി.എസ്.സി. നിയമന ശുപാർശ നൽകിയിട്ടുള്ളത്;

i) ഇറിഗേഷൻ/പി. ഡബ്ല്യു. ഡി.
ii) തദ്ദേശസ്വയംഭരണ വകുപ്പ്
iii) വാട്ടർ അതോറിറ്റി
iv) ഇലക്ട്രിസിറ്റി ബോർഡ്
v) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്

(ഡി) ഇതിൽ വികലാംഗരായ എത്ര ഉദ്യോഗാർത്ഥികൾക്ക് സംവരണ ഉത്തരവ് പ്രകാരം നിയമന ശുപാർശ നൽകിയിട്ടുണ്ട്;

(ഇ) പ്രസ്തുത വകുപ്പുകളിൽ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ വികലാംഗർക്കായി സംവരണം ചെയ്ത ഒഴിവുകളിലേയ്ക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്താൻ ഉത്തരവായിട്ടുണ്ടോ;

(എഫ്) എങ്കിൽ പ്രസ്തുത നടപടി എന്ന് ആരംഭിക്കും; ഇതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഒഴിവുകളിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്താനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>തസ്തികമാറ്റം/ആശ്രിത നിയമനം വഴിയുള്ള നിയമനങ്ങളുടെ സർട്ടിഫിക്കറ്റ് പരിശോധന</u>

6020 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിൽ വ്യാജ ബിരുദമുള്ള ആരെങ്കിലും പൊതുഭരണ/ഫിനാൻസ് വകുപ്പിൽ ജോലിയിൽ തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് അന്വേഷണം ആരംഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് കൺന്റോൺമെന്റ് പോലീസ് കേസ് എടുത്തിട്ടുണ്ടോ; അന്വേഷണപുരോഗതി വ്യക്തമാക്കുമോ;

(സി) പി.എസ്.സി വഴിയല്ലാതെ സെക്രട്ടേറിയറ്റ് അസിസ്റ്റന്റ്/ഓഫീസർ തസ്തികയിൽ പ്രവേശിക്കുന്നവരുടെ ബിരുദ സർട്ടിഫിക്കറ്റുകൾ പി. എസ്. സി. വഴി പരിശോധിച്ച് വിശ്വാസ്യത ഉറപ്പു വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് നിയമനം സംബന്ധിച്ചുള്ള കേസ്</u>

6021 ശ്രീ. ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് നിയമനവുമായി ബന്ധപ്പെട്ട് സർക്കാർ എതിർകക്ഷിയായി എത്ര കേസ്സുകൾ ഹൈക്കോടതിയിൽ നിലവിലുണ്ട്;

(ബി) പ്രസ്തുത കേസ്സുകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; പ്രസ്തുത കേസ്സുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് എതിർ സത്യവാങ്മൂലം ഏത് തീയതിയിലാണ് സമർപ്പിക്കേണ്ടിയിരുന്നത്;

(സി) പ്രസ്തുത തീയതിയിൽതന്നെ എതിർ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ടോ;

(ഡി) ഇല്ല എങ്കിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

മെക്കാനിക്കൽ ഇഞ്ചിനീയറിംഗ് സ്ഥിരം അദ്ധ്യാപകരുടെ നിയമനം ഉറപ്പാക്കുവാൻ നടപടി

6022 ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 13.5.09 ലെ ഗസറ്റ് വിജ്ഞാപനപ്രകാരം (കാറ്റഗറി നം. 143/2009) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ മെക്കാനിക്കൽ എഞ്ചിനിയറിംഗ് അദ്ധ്യാപകരുടെ റാങ്ക് ലിസ്റ്റ് പി.എസ്.സി പ്രസിദ്ധീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അടിയന്തിരമായി പ്രസ്തുത റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് സ്ഥിരം അദ്ധ്യാപകരുടെ നിയമനം ഉറപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ ?